25 years

Kandanad

Diocesan BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol. 4 No. 6, 15 June 2016

എഡിറ്റോറിയൽ

# ശുഭാശംസകൾ

**ലോ**കത്തിൽ ആദ്യമായി ജനാധിപത്യമാർഗ്ഗത്തിലൂടെ സമ്മതിദാനം വഴി ഒരുകമ്മ്യൂണിസ്ററ് സർക്കാർ അധികാരത്തിലെത്തുന്നത് കേരളത്തിലാണ്. 1956-ൽ ഇൻഡ്യയിൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന പുനഃസംഘടന നടന്നതിനെത്തുടർന്നുണ്ടായ പൊതുതിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള ഐക്യമുന്നണി ഭൂരിപക്ഷം നേടുകയും ഇ. എം.എസ്. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായുള്ള മന്ത്രിസഭ കേരളത്തിൽ ഭരണമേൽക്കുകയും ചെയ്തു. എന്നാൽ ഈ സർക്കാരിന് കാലാവധി തികയും വരെ അധികാരത്തിൽ തുടരാൻ കഴിഞ്ഞില്ല. (കു)പ്രസിദ്ധമായ വിമോചന സമരത്തിന്റെ മൂർദ്ധന്യത്തിൽ കേന്ദ്ര സർക്കാർ ഇടപെട്ട് കേരളമന്ത്രിസഭ പിരിച്ചു വിടുകയാണുണ്ടായത്. ജനാധിപത്യരീതിയിൽ അധികാരത്തിൽ വന്ന ഭരണകൂടത്തെ ഏകാധിപത്യശൈലിയിൽ പുറത്താക്കി! വിമോചന സമരത്തിന് പ്രധാന കാരണം അന്നത്തെ വിദ്യാഭ്യാസ മന്ത്രി പ്രൊഫ. ജോസഫ് മുണ്ടശ്ശേരി കൊണ്ടുവന്ന വിദ്യാഭ്യാസ നിയമമായിരുന്നു. പ്രൈവറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളെല്ലാം പിടിച്ചെടുക്കുവാനുള്ള സർക്കാർ ശ്രമത്തിന്റെ ആദ്യപടിയാണ് ഈ നിയമം എന്നായിരുന്നു മുഖ്യ ആക്ഷേപം. നായർ-ക്രിസ്ത്യൻ മാനേജുമെന്റുകളായിരുന്നു ഈ സമരത്തിന് മുമ്പിൽ. പുതിയ നിയമപ്രകാരം സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനാധികാരം മാനേജ്മെന്റുകളിൽ തന്നെ നിലനിൽക്കുകയും ജീവനക്കാർക്കെല്ലാം ശമ്പളം നൽകേണ്ട ചുമതല സർക്കാർ ഏറ്റെടുക്കുകയുമാണുണ്ടായത്. ഇന്നും നിലനിൽക്കുന്ന ഈ സാഹചര്യമാണ് സത്യത്തിൽ വിദ്യാഭ്യാസത്തെ വൻവ്യവസായമായി മാറ്റുവാൻ സാഹചര്യമൊരുക്കിയതെന്നത് ഏറ്റവും വലിയ വിരോധാഭാസമാണ്. മാനേജ്മെന്റുകൾ അതിതീവ്രമായി എതിർത്ത് നിയമം തന്നെ അവർക്ക് കോഴ വാങ്ങാൻ ഏറ്റവുംപറ്റിയ കാലാവസ്ഥ സൃഷ്ടിച്ചു! ഏതായാലും പിന്നീടു നടന്ന 13 തെരഞ്ഞെടുപ്പുകളിലും മിക്കവാറും വലത്-ഇടതു മുന്നണികൾ മാറിമാറിയാണ് വിജയം വരിച്ചിട്ടുള്ളത്. 14-ാം കേരള നിയമസഭയുടെ ഊഴം ഇടതു ജനാധിപത്യ മുന്നണിക്കായത് പതിവിൻപടിയെന്നേ കരുതേണ്ടതുള്ളു.

എന്താണ് ജനം ഇടതു-വലതു മുന്നണികളെ മാറി മാറി അധികാരത്തിലേറ്റാൻ കാരണം? ഇവയിൽ ഒന്നു മെച്ചമെന്നു കണ്ടിരുന്നെങ്കിൽ അതിനെത്തന്നെ ഭരണത്തിൽ നിലനിർത്തുമായിരുന്നു എന്നുറപ്പാണ്. അതുകൊണ്ട് ഇരുകൂട്ടരുടെയും ഭരണത്തിൽ ജനം സംതൃപ്തരല്ലെന്നു വരുന്നു. തെരഞ്ഞെടുക്കാൻ മൂന്നാമതൊന്നിന്റെ അഭാവത്തിൽ പരീക്ഷണമെന്നോണം ആവർത്തനം തുടരുന്നു. എന്നാൽ ഒരു മൂന്നാം മുന്നിണിയുടെ ശക്തമായ സാന്നിദ്ധ്യം ഈ തെരഞ്ഞെടുപ്പിൽ പരക്കെ ദൃശ്യമായിട്ടുണ്ട്.

കഴിഞ്ഞ ആറേഴുപതിറ്റാണ്ടുകളിൽ കേരളം പല രംഗങ്ങളിലും ഏറെ പുരോഗമിച്ചിട്ടുണ്ടെന്നതിൽ സംശയമൊന്നുമില്ല. എന്നാൽ അതിൽ എത്രമാത്രം സർക്കാരിന്റെ പരിഷ്കാരങ്ങളും പദ്ധതികളും നിയമങ്ങളും നിയന്ത്രണങ്ങളും പങ്കുവഹിച്ചിട്ടുണ്ടെന്നുള്ള കാര്യം വിലയിരുത്തപ്പെടണം. തകർച്ച നേരിട്ട-നേരിടുന്ന-മേഖലകൾ തിരിച്ചറിയണം. പരിഹാരം കാണണം. അതല്ലാതെ ആളുകൾ മറുനാടുകളിൽ പോയി പണിയെടുത്തു പണമുണ്ടാക്കി അത് ഇവിടെ എത്തിച്ചുവലിയ വീടും പുരയിടങ്ങളുമൊക്കെ സമ്പാദിക്കുകയോ, സംരംഭങ്ങൾ ആരംഭിക്കുകയോ ചെയ്യുന്നതെല്ലാം ഇവിടുത്തെ ഭരണ

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**ശുഭാശംസകൾ** ............................................. 1

**പുതിയ സർക്കാർ ഭരണം**
**ഒരു വെല്ലുവിളിയായി എടുക്കട്ടെ** ............... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ദർശനങ്ങൾ ഇല്ലാതാകുമ്പോൾ** ...................... 7
ഫാ. എ.എം. ഉലഹന്നാൻ, ഏറാടികുന്നേൽ

**അനുഭവങ്ങൾ,വീക്ഷണങ്ങൾ,**
**വിശദീകരണങ്ങൾ** ....................................... 9
ഫാ. എബ്രാഹാം കാരാമ്മേൽ

**South Sudan:**
**Challenges and Opportunities**......................12
Dr. K.M. George

**മിശ്രവിവാഹം-**
**ഓർത്തഡോക്സ് നിലപാട്** ...................... 13
ഫാ. പി.എ. ഫിലിപ്പ്

**വാർത്തകൾ, അറിയിപ്പുകൾ** .................. 16


മേന്മയുടെ നേട്ടങ്ങളെന്ന് അവകാശപ്പെടുന്നതിൽ അർത്ഥമില്ല. ഭരണമെച്ചം കൊണ്ട് നാടിനുണ്ടാകുന്ന പുരോഗതി സമഗ്രവും, സാർവ്വത്രികവും, സന്തുലിതവുമായിരിക്കും.

മറ്റൊരു കാര്യം ശ്രദ്ധിക്കുവാനുള്ളത് ഓരോ സർക്കാരിന്റെ ഭരണകാലത്തും ജനാധിപത്യത്തോട് ജനത്തിനുണ്ടാകുന്ന പ്രതിപത്തിയും പ്രതിബദ്ധതയുമാണ്. ഒപ്പം തന്നെ സർക്കാരിന്റെ പ്രവർത്തനങ്ങളുടെ സുതാര്യതയും. ഇതിന്റെ ഒരു മാപിക ഉത്തവാദിത്തബോധമുള്ള ഭരണകർത്താക്കളും ഭരണീയരും സൂക്ഷിക്കേണ്ടതാണ്.

കഴിഞ്ഞ സർക്കാരിന് വളര നേരിയ ഭൂരിപക്ഷമേ നിയമസഭയിൽ ആദ്യവസാനം ഉണ്ടായിരുന്നുള്ളു. അതുതന്നെ ഏതു സർക്കാരിനെയും ദുർബ്ബലമാക്കുന്ന സാഹചര്യമാണ്. പ്രത്യേകിച്ചും ഒരു കൂട്ടുകക്ഷി സർക്കാരിനെ. ഘടകകക്ഷികളിൽ വളരെ ചെറിയ ഒന്നിന്റെ സമ്മർദ്ദത്തിനുപോലും വഴിപ്പെടേണ്ടിവരുന്ന വിഷമാവസ്ഥയാണിത്. തന്മൂലം ഇച്ഛാശക്തിയോടെ ഒരു നയവും നടപ്പിലാക്കാൻ കഴിയാതെ വരും. എന്നാൽ ഇപ്പോഴത്തെ സർക്കാരിന് ഏതാണ്ട് മൂന്നിൽ രണ്ടു ഭൂരിപക്ഷമുണ്ട്. ഘടകകക്ഷികളുടെ അനാവശ്യ സമ്മർദ്ദങ്ങൾക്ക് വഴങ്ങേണ്ടതോ, ഭീഷണികൾക്ക് വഴിപ്പെടേണ്ടതൊ ഇല്ല. അവർ അതിനു ശ്രമം നടത്താനും ഇടയില്ല. അതുകൊണ്ട് ഒരു ഉറച്ച സൽഭരണത്തിനുള്ള സാഹചര്യമാണ് ഇപ്പോഴത്തെ എൽ.ഡി.എഫ്. സർക്കാരിന് കൈവന്നിരിക്കുന്നത്.

പിണറായി വിജയന്റെ നേതൃത്വത്തിൽ 19 അംഗ മന്ത്രിസഭയാണല്ലോ ഭരണമേറ്റിരിക്കുന്നത്. ഭൂരിഭാഗവും പുതുമുഖങ്ങളും ചെറുപ്പക്കാരും. പരിചയക്കുറവ് ഒരു ന്യൂനത തന്നെയാണെങ്കിലും രണ്ടു പ്രധാന മെച്ചങ്ങൾ ഇതിനുണ്ട് താപ്പാനകളല്ലാത്തതിനാൽ അഴിമതിയും രാഷ്ട്രീയകള്ളക്കളികളും കുറയും. ചെറുപ്പക്കാർക്ക് നീണ്ടഭാവി അവരെ കാത്തുനിൽക്കുന്നു എന്ന ചിന്തയുള്ളതിനാൽ അതുകണ്ട് പ്രവർത്തിക്കാനിടയുണ്ട്. വ്യത്തികേടുകളോട് ഉളുപ്പു തോന്നാം. ഈ നിലയിൽ അനുഗൃഹീതമാണ് പുതിയ മന്ത്രിസഭ.

ഇവിടെ മാറിമാറി വരുന്ന സർക്കാരുകൾ അവരുടെ അനുഭവത്തിൽ നിന്ന് ഒന്നും പഠിക്കുന്നതായി തോന്നുന്നില്ല. പഠിച്ചിരുന്നു എങ്കിൽ ഒന്നിനൊന്നു മെച്ചപ്പെട്ട പ്രകടനങ്ങൾ അവർ ഭരണരംഗത്തു നടത്തേണ്ടതായിരുന്നു. ജനത്തിന്റെ മറവിയിലും ഗതികേടിലുമാണ് അവരുടെ ഉറപ്പും സങ്കേതവും!

മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രസ്താവനകൾ അന്തസ്സുറ്റവയാണ്. താനും സഹപ്രവർത്തകരും ഇടതുപക്ഷ ജനാധിപത്യമുന്നണിയിൽ നിന്നു മത്സരിച്ചു വിജയിച്ചവരാണെങ്കിലും ഈ സർക്കാർ അവരുടേതു മാത്രമായിരിക്കുകയില്ല. കേരളത്തിലെ എല്ലാ ജനവിഭാഗങ്ങളുടേതുമായിരിക്കും എന്നാണ് അദ്ദേഹം പറഞ്ഞത്. കേരളത്തിൽ ഒരു അഴിമതി വിമുക്ത ഭരണം നടപ്പിൽ വരുത്താനായിരിക്കും തന്റെ ഏറ്റവും തീവ്രമായ ശ്രമമെന്നും അദ്ദേഹം ഉറപ്പു നൽകിയിട്ടുണ്ട്.

പുതിയ കേരള സർക്കാരിന്റെ എല്ലാ നല്ല സ്വപ്നങ്ങളും ഫലമണിയട്ടെ എന്ന് ആശംസിക്കുന്നു. സഹകരണം വാഗ്ദാനം ചെയ്യുന്നു.

*മെത്രാപ്പോലീത്തായുടെ കത്ത്*

# പുതിയ സർക്കാർ ഭരണം ഒരു വെല്ലുവിളിയായി എടുക്കട്ടെ

പിണറായി വിജയന്റെ നേതൃത്വത്തിൽ ഒരു പുതിയ സർക്കാർ കേരളത്തിൽ ഭരണമേറ്റിരിക്കുകയാണല്ലോ. കേരള ജനത ഏറെ പ്രതീക്ഷകൾ ഈ ഭരണകൂടത്തിൽ അർപ്പിക്കുന്നുണ്ട്. വ്യത്യസ്തമായ ഒരു ഭരണശൈലിയും ജനകീയ പ്രശ്നങ്ങൾക്ക് നീതിപൂർവ്വമായ പരിഹാരവും പുതിയ സർക്കാരിൽ നിന്ന് ജനം കാത്തിരിക്കുന്നു. ഇവിടത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ വേണ്ട വിധം പഠിച്ച് ഈ നാടിനെ സംബന്ധിച്ച സാധാരണ ജനത്തിന്റെ സ്വപ്നങ്ങളും ആവശ്യങ്ങളും സഫലീകരിക്കുകയാകട്ടെ ഈ സർക്കാരിന്റെ ലക്ഷ്യം എന്ന് ആശംസിക്കുന്നു. അതു സാധ്യമാകണമെങ്കിൽ അധികാര വിനിയോഗത്തിനുള്ള അവസരമായി മാത്രം ഭരണത്തെ കാണാതെ നാടിനെ സേവിക്കുവാനുള്ള നിയോഗവും സന്ദർഭവുമായി അതിനെ പ്രയോജനപ്പെടുത്തുവാൻ ഭരണകർത്താക്കൾ മനസ്സുവയ്ക്കണം.

2011-ലെ കേരള സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പിൽ ഐക്യ ജനാധിപത്യ മുന്നണിക്ക് കേവല ഭൂരിപക്ഷം നേടാനായതിന്റെ പ്രധാന കാരണം ആയിടെ കേരളാപ്രദേശ് കോൺഗ്രസ്സ് കമ്മിറ്റി (K.P.C.C.) പ്രസിഡന്റായി വി.എം. സുധീരൻ തെരഞ്ഞെടുക്കപ്പെട്ടതായിരുന്നു. ഈ യാഥാർത്ഥ്യം അംഗീകരിക്കാനുള്ള സന്മനസും വിനയവും മര്യാദയും തുടർന്നു ഭരണമേറ്റ അദ്ദേഹത്തിന്റെ സഹപ്രവർത്തകർക്ക് ഇല്ലാതെ പോയി. സുധീരന്റെ ഒരു ധാർമ്മീക മേലന്വേഷണം ഭരണരംഗത്താകെ ഉണ്ടാകുമെന്ന് അന്ന് യു.ഡി.എഫിന് വോട്ടു ചെയ്തവർക്കെല്ലാം ഉണ്ടായിരുന്നിരിക്കണം. എന്നാൽ അധികാരക്കൊതിയോ, അഴിമതിയുടെ കറയോ തീണ്ടാത്ത മനുഷ്യൻ എന്ന് കേരളത്തിലെ സമൂഹം വിലയിരുത്തുന്ന അദ്ദേഹത്തെ ഭരണകാര്യങ്ങളിൽ വെറുമൊരു നോക്കുകുത്തിയാക്കി മാറ്റി മറ്റുള്ളവരുടെ നേതൃത്വത്തിൽ അഴിമതിയുടെ പരമ്പര അരങ്ങേറുകയായിരുന്നു. അഞ്ചുവർഷം ആഘോഷപൂർവ്വം അതു തുടർന്നു. ഏതായാലും ആ ദുർഭരണത്തിന് അന്ത്യം വന്നു എന്ന ആശ്വാസത്തിലാണ് ഇന്ന് കേരളത്തിലെ വിവേകവും പ്രതികരണ ശേഷിയുമുള്ള സമ്മതിദായകർ.

തെരഞ്ഞെടുപ്പ് അടുത്തെത്തിയപ്പോൾ അഴിമതി വീരന്മാരെന്ന് ജനം വിലയിരുത്തിയിരുന്നവരിൽ ചിലരെ ഒഴിവാക്കി സ്ഥാനാർത്ഥി ലിസ്റ്റ് ഉണ്ടാക്കി മുന്നണിക്ക് വിശ്വാസ്യത സൃഷ്ടിക്കാൻ സുധീരൻ ഒരു അന്തിമശ്രമം നടത്തി നോക്കി. അഴിമതിക്കാര്യത്തിൽ മുൻനിരക്കാരായിരുന്ന ഉമ്മൻചാണ്ടി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, രമേശ് ചെന്നിത്തല തുടങ്ങിയവരുടെ പേരുകൾ വിട്ടുകളയാതെയാണ് അദ്ദേഹം ലിസ്റ്റ് നൽകിയത്. എന്നിട്ടും ആ ശ്രമം പരാജയപ്പെടുകയാണുണ്ടായത്. അഴിമതിക്കറയിൽ മുങ്ങിയ മുഴുവൻ പേർക്കും സ്ഥാനാർത്ഥിത്വം കിട്ടിയില്ലെങ്കിൽ കൂട്ടത്തോടെ തെരഞ്ഞെടുപ്പു രംഗത്തു നിന്ന് വിട്ടു നിൽക്കും എന്ന ഭീഷണി പ്രയോഗിച്ച് അഴിമതി ഹീറോകൾക്കെല്ലാം നേതാക്കൾ മത്സരാനുമതി നേടിക്കൊടുത്തു. ഇതൊക്കെയാണെങ്കിലും അഴിമതിക്കാരായ നേതാക്കന്മാർ മിക്കപേരും ജയിച്ചു. എന്നാൽ സർക്കാർ ഉണ്ടാക്കിയ ദുഷ്പേരുകൊണ്ട് മറ്റുള്ളവർ അധികവും തോറ്റു. കാരണം അഴിമതി നടത്തി പണം സമ്പാദിച്ചിരുന്നവർ അതിന്റെ ഓഹരി നൽകി അണികളെ വളർത്തിയിരുന്നു. ആ കലയിൽ മോശക്കാർ തോറ്റെന്നു കരുതിയാൽ മതി. ഭരണം യു.ഡി.എഫിന് ലഭിക്കണമെന്ന കെ.പി.സി.സി. അധ്യക്ഷന്റെ ആഗ്രഹമായിരുന്നില്ല ഭരണത്തിലിരുന്നവർക്ക് ഉണ്ടായിരുന്നത്. ഭരണം കിട്ടുന്നെങ്കിൽ തങ്ങൾക്കു തന്നെ വേണം. അല്ലെങ്കിൽ പൊയ്ക്കോട്ടെ എന്നതായിരുന്നു അവരുടെ നിലപാട്. അതോടെ സുധീരന്റെ പ്രായോഗിക തന്ത്രം പൊളിഞ്ഞു തെരഞ്ഞെടുപ്പുഫലം വന്നപ്പോൾ തുടർഭരണം ആഗ്രഹിച്ചവരുടെ വിധി വ്യക്തമായി. അങ്ങനെ ആ ഭരണ കാലം അവസാനിച്ചു. നേർബുദ്ധിയുള്ള സമ്മതിദായകർ തങ്ങളുടെ കാര്യസാധ്യത്തെക്കാൾ നാടിന്റെ ഭാവി മുന്നിൽക്കണ്ട് തങ്ങളുടെ ജനാധിപത്യ അവകാശം വിനിയോഗിച്ചതാണ് ഭരണമാറ്റത്തിന് ഇടയാക്കിയത്.

വികസനത്തിന്റെ പേരു പറഞ്ഞ് ഒരു സംസ്ഥാനത്തിലെ ഭൂരിപക്ഷം പേരെയും തങ്ങളുടെ അഴിമതി സാധൂകരിക്കുന്നതിന് അണിചേർക്കാൻ കഴിയുമെന്ന വ്യാമോഹമാണ് തെരഞ്ഞെടുപ്പിൽ തകർന്നടിഞ്ഞത്. കഴിഞ്ഞസർക്കാരിന്റെ ദുർഭരണത്തിനും അഴിമതിക്കുമെതിരെയുള്ള ജനകീയ കോടതിയുടെ വിധിത്തീർപ്പായി കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ്. ഈ നാട്ടിൽ സാമുദായിക ധ്രുവീകരണം സൃഷ്ടിച്ച് വർഗ്ഗീയത വളർത്തി, സാഹചര്യം തങ്ങൾക്ക് അനുകൂലമാക്കി ഭരണം കൈക്കലാക്കാം എന്ന മോഹവും തറപറ്റി. വർഗ്ഗീയത വളർന്നാൽ നാടിന്റെ നാശം മുന്നിൽകണ്ട കേരള ജനതയുടെ വർഗ്ഗീയ ശക്തികൾക്കെതിരെയുള്ള അന്ത്യശാസനമായും ഈ തിരഞ്ഞെടുപ്പു ഫലത്തെ വിലയിരുത്താവുന്നതാണ്.

കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ നാട് അഭൂതപൂർവ്വമായ വികസനം കൈവരിച്ചു എന്നാണല്ലോ കഴിഞ്ഞ സർക്കാരിന്റെ അവകാശ

വാദം. തെരഞ്ഞെടുപ്പു പ്രചാരണ കാലത്തെ പ്രസംഗങ്ങളുടെയും ലഘു ലേഖകളുടെയും പരസ്യങ്ങളു ടെയുമെല്ലാം ഉള്ളടക്കവും അതുത ന്നെയായിരുന്നു. നാടു വികസിച്ചു എന്ന അവകാശവാദത്തിന്റെ യാ ഥാർത്ഥ്യമറിയണമെങ്കിൽ വികസനം എന്താണെന്ന് വിശകലനം ചെയ്തേ മതിയാകൂ. റോഡുകൾ ഇരുവശവും ചേർത്ത് ടാറിടുക, മെട്രോ ട്രെയിൻ കൊണ്ടുവരിക, ബൃഹത്തായ സർ ക്കാർ ഓഫീസുകൾ പടുത്തുയർത്തു ക, അവയിൽ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുക, കമ്പ്യൂട്ടർ ജാലിക സ്ഥാപിക്കുക, നാടുനീളെ സർക്കാർ മെഡിക്കൽ കോളജുകൾ, വിമാന ത്താവളങ്ങൾ എന്നിവ വാഗ്ദാനം ചെയ്യുക, സ്മാർട്ട് സിറ്റികൾ തുടങ്ങു മെന്നു പ്രഖ്യാപിക്കുക എന്നിവയൊ ക്കെയായിരുന്നു അവരുടെ വികസന സങ്കല്പത്തിലെ പദ്ധതികൾ. ഇവ കൊണ്ടൊന്നും നാടിന്റെ സമഗ്രമായ വികസനം സാധ്യമാവുകയില്ല. ഇതെ ല്ലാം നടത്തിയവരുടെ പോക്കറ്റു വി കസിച്ചു എന്ന പരമാർത്ഥമാണ് ജന ങ്ങൾ കണ്ടെത്തിയത്. Infrastructural Development വേണ്ടാ എന്ന് ആരും പറയുന്നില്ല. എന്നാൽ മേൽപ്പറഞ്ഞ തൊക്കെയാണ് നാടിന്റെ വികസന മെന്ന കാഴ്ചപ്പാടിനോടാണ് വിയോ ജിപ്പുള്ളത്. ഇവയൊക്കെയാണ് വി കസനം എന്ന് ജനത്തെക്കൊണ്ട് ചിന്തിപ്പിക്കുവാൻ മാധ്യമരംഗത്തെ വ്യവസായക്കണ്ണുമാത്രമുള്ള വമ്പ ന്മാരും വേണ്ടവിധം സഹകരിക്കാതി രുന്നില്ല. ഫലപ്പെട്ടില്ലെന്നു മാത്രം.

വികസനം മുന്നമേ ലക്ഷ്യമിടേ ണ്ടത് എല്ലാവർക്കും അടിസ്ഥാന ജീവിത സൗകര്യങ്ങൾ ലഭ്യമാക്കുക യാണ്. ആഹാരം, വസ്ത്രം, പാർപ്പിടം, ആരോഗ്യ സംരക്ഷ, വിദ്യാഭ്യാസം, യാത്രാ സൗകര്യം, വിദ്യുച്ഛക്തി, ഗ വേഷണ സംവിധാനം, പഠനത്തി ന്റെയും പരിശീലനത്തിന്റെയും അടി സ്ഥാനത്തിൽ തൊഴിലവസരങ്ങൾ എന്നിവയെല്ലാം സൃഷ്ടിക്കപ്പെടണം. സമ്പന്നർക്ക് അവരുടെ ആഗ്രഹാ നുസരണം സൗകര്യങ്ങൾ ഒരുക്കു കയല്ല വികസനത്തിന്റെ പ്രാഥമിക പരിഗണന. അതിന് മുതൽ മുടക്കു ന്നത് വഴി നാടിന്റെ സമഗ്രവികസനം സാധ്യമാകുന്നുമില്ല. സാമൂഹ്യ-സാ മ്പത്തിക-വിദ്യാഭ്യാസ-സാമുദാ യിക രംഗങ്ങളിൽ പിന്നാക്കം നിൽ ക്കുന്നവർക്കും മത്സരശേഷി കുറ ഞ്ഞവർക്കും നിലവിലിരിക്കുന്ന വി കസന സംരംഭത്തിൽ പങ്കാളികളാ കാൻ കഴിയാതെ അവരുടെ ജീവി തം ദുർവഹമായി. നീതിപൂർവ്വകവും, ഉൾക്കൊള്ളുന്നതും (just and inclusive) ആയ സമൂഹ നിർമ്മാണ പ്രക്രി യയാണ് വികസനം എന്ന ധാരണാ വ്യക്തത (conceptional clarity) മുൻ സർക്കാരിനില്ലാതെ പോയി.

വികസനം നടപ്പിലാക്കുന്ന രീ തിയും മാർഗ്ഗവും അതുപോലെ തന്നെ പ്രധാനമാണ്. വികസനം സാധ്യമാകണമെങ്കിൽ ആ പ്രക്രിയ യിൽ ഓരോ പൗരന്റെയും പങ്കാളി ത്തം ഉറപ്പുവരുത്തേണ്ടതുണ്ട്. ഓരോ വ്യക്തിയും ആവുംവിധം വേണ്ട പോലെ വികസന പദ്ധതിയിൽ പങ്കു ചേർക്കപ്പെടുമ്പോഴാണ് സാമൂഹ്യ പങ്കാളിത്തമുണ്ടാകുന്നത്. എങ്കിൽ മാത്രമേ സംഭവിക്കുന്ന വികസന ത്തിൽ ഓരോരുവനും സാംഗത്യം അനുഭവപ്പെടുകയുള്ളൂ. എവിടെ നിന്നെങ്കിലും കടമെടുക്കുന്ന പണം കൊണ്ട് എന്തൊക്കെയോ ചെയ്തുകൂ ട്ടുകയല്ല ശരിയായ വികസനരീതി. ആരെയൊക്കെയോ കുറച്ചുപേരെ കൂട്ടി നടപ്പാക്കാവുന്നതുമല്ല അത്. വികസനം ഒരു സമഗ്ര ജനകീയ പദ്ധതിയായിരിക്കണം.

അതുപോലെ തന്നെ വികസന പ്രക്രിയയിൽ നാടിന്റെ വിഭവശേ ഷിയും മനുഷ്യന്റെ കർമ്മ-ബൗദ്ധിക സമ്പത്തും ഉപയോഗപ്പെടുത്തേണ്ട തുമുണ്ട്. തൊഴിലില്ലായ്മ രൂക്ഷമായ ഒരു സംസ്ഥാനമാണ് നമ്മുടേത്. ഏ റെപ്പേർ തൊഴിൽ രഹിതരായി കഴി യുന്നു. അങ്ങനെയുള്ളവരുടെ ബു ദ്ധിപരവും കായികവുമായ അദ്ധ്വാന ശേഷി നാടിന്റെ വികസന പരിപാടി യിൽ ഉപയോഗപ്പെടുത്താൻ കഴി യാതെ പോകുന്നതാണ് നാടിന്റെ വികസനം ഭാഗികമാക്കുന്നതും വളർ ച്ച മുരടിപ്പിക്കുന്നതും. നാട്ടിലുള്ള എല്ലാവരുടെയും അധ്വാനശേഷി വേണ്ടവിധം തിരിച്ചു വിട്ടാൽ ഉല്പാദി പ്പിക്കപ്പെടുന്ന ധനവും വിഭവങ്ങളും വികസനത്തെ ത്വരിതപ്പെടുത്തുക തന്നെ ചെയ്യും. തൊഴിൽ അവസര ങ്ങൾ സൃഷ്ടിച്ച് ജനത്തിന്റെ ശേഷി (potential) ഉപയോഗപ്പെടുത്താതെ പോകുന്നതാണ് വികസന മുരടി പ്പിന്റെ പ്രധാനകാരണം. കൃഷി, വ്യവ സായ, വിദ്യാഭ്യാസ, വാണിജ്യ, ശാ സ്ത്രസാങ്കേതിക രംഗങ്ങളിലെല്ലാം മനുഷ്യന്റെ അധ്വാനശേഷി ഉപയോ ഗപ്പെടുത്താതെ വികസനം, സാധ്യ മാവുകയില്ല. ഭരണത്തിലിരിക്കുന്ന വർക്ക് ഇതു സംബന്ധിച്ച ധാരണയും നടപ്പിലാക്കാനുള്ള ഇച്ഛാശക്തിയും ഇല്ലാതിരുന്നതിനാൽ ശുഷ്കിച്ച വി കസന പ്രവർത്തനമാണ് കഴിഞ്ഞകാ ലത്ത് നാം ഇവിടെ കണ്ടത്.

നമ്മുടെ നാടിന്റെ അപാരമായ വിഭവ ശേഷിയും ഉപയോഗപ്പെടു ത്താൻ കഴയാതെ പോയി. കാർഷിക രംഗത്ത് നമുക്ക് വലിയ വിഭവ സമ്പ ത്തുണ്ട്. നല്ല സൂര്യപ്രകാശം, ഉയർന്ന വർഷപാതം, ഫലപുഷ്ടിയുള്ള മണ്ണ്, അനുകൂലമായ കാലാവസ്ഥ ഇവ യെല്ലാം കൊണ്ട് അനുഗൃഹീതമായ ഈ നാട്ടിൽ ഏതു കൃഷിയാണ് സാധ്യമല്ലാത്തത്? ധാന്യങ്ങൾ, പച്ച ക്കറികൾ, ഫലവൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ, സുഗന്ധസസ്യങ്ങൾ, പൂച്ചെടികൾ, തടി (timber) ഉപയോ ഗപ്പെടുത്താവുന്ന വൻമരങ്ങൾ, എ ണ്ണക്കുരുക്കൾ, എന്നിവയുടെയെല്ലാം എത്രയെത്ര ഇനങ്ങളാണ് ഇവിടെ നന്നായി വളരുക! നാടിന്റെ ആവശ്യ വും, മണ്ണിന്റെ വകഭേദവും ജല ത്തിന്റെ ലഭ്യതയുമെല്ലാം കണക്കിലെ ടുത്ത് ശാസ്ത്രീയമായി കൃഷി ചെയ്ത് സാധ്യതകൾ ശരിക്കു വിനി യോഗിച്ചാൽ ഉത്പാദിപ്പിക്കപ്പെടുന്ന വിഭവങ്ങൾ എത്രയായിരിക്കും! കാർ ഷിക പ്രദേശമായ കേരളത്തിന്റെ കൃഷിരംഗത്തെ ശേഷി ഉപയോഗപ്പെ ടുത്താതെയും, അവഗണിച്ചും ഈ നാട് എങ്ങനെ വികസിപ്പിക്കാനാ വും? ഒരു നാടിന്റെ ശേഷികളുടെ ശാസ്ത്രീയവും തീവ്രവുമായി ഉപ യോഗപ്പെടുത്തിയാണ് നാട് വികസി

പ്പിക്കുന്നത് എന്നത് ധനതത്വശാസ്ത്രത്തിലെ ബാലപാഠമാണ്. അത് അവഗണിച്ചായിരുന്നു കഴിഞ്ഞ സർക്കാരിന്റെ വികസന പദ്ധതികൾ. ഇവിടത്തെ കൃഷിയിടങ്ങൾ കാടുപിടിച്ചും തരിശായും പാഴായിക്കിടക്കുന്നതിന് കാരണം കണ്ടെത്തി പരിഹാരം കൈക്കൊള്ളാൻ ഇവിടെ വികസന പ്രവർത്തകരും സർക്കാരുമില്ല. പുറമെ നിന്നുള്ള ഭക്ഷണധാന്യങ്ങളുടെ വരവു നിലച്ചാൽ ഉണ്ടാകുന്ന ഭക്ഷണപ്രതിസന്ധിയെക്കുറിച്ച് ആർക്കും ചിന്തയില്ല. നെൽകൃഷി ഇല്ലാതായി. റബ്ബർ തോട്ടങ്ങളിൽ ടാപ്പിംഗ് നടക്കാതായി. നാണ്യവിളകളുടെ കൃഷികൾ നിലച്ചമട്ടായി. കാർഷികോത്പന്നങ്ങളുടെ വിലയിലെ ചാഞ്ചാട്ടവും, കൃഷിച്ചെലവു വർദ്ധനയും കൃഷി അനാകർഷകമാക്കുന്നു.

കൃഷിയെ അടിസ്ഥാനമാക്കിയുള്ള വ്യവസായ സംരംഭങ്ങളൊന്നും ആരംഭിച്ചു കാണുന്നില്ല. വ്യവസായ വികസനം നടക്കണമെങ്കിൽ നിലവിലുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തി ഉല്പാദനക്ഷമമായ സംരംഭങ്ങൾ തുടങ്ങണം. മനുഷ്യന്റെ അദ്ധ്വാനശേഷി ഉല്പാദന രംഗത്തു നീതിപൂർവ്വമായും ശാസ്ത്രീയമായും സാമ്പത്തികവൈദഗ്ധ്യത്തോടെയും ഉപയോഗപ്പെടുത്തുവാനുള്ള ശ്രമം നടക്കാതെ പോകുന്നതാണ് ഇന്നത്തെ ദുരവസ്ഥയ്ക്കു കാരണം. നാടിന്റെ ആവശ്യവും, വിപണിയും മനസ്സിലാക്കി കൃഷി-വ്യവസായരംഗങ്ങളിൽ ഉല്പാദനം വർദ്ധിപ്പിച്ചാൽ സാമ്പത്തിക രംഗത്ത് ഉയർച്ച ഉറപ്പാണ്. അതുവഴി ഈ സംസ്ഥാനത്തിന്റെ വികസനത്തിനുള്ള പശ്ചാത്തലം സജ്ജമാകുകയും ചെയ്യും. നാട്ടിൽ അധികം ഉപയോഗിക്കാതെ പാഴായിപ്പോകുന്ന ചക്ക, ആഞ്ഞിലിക്ക, കശുമാങ്ങ, ജാതിക്കാത്തൊണ്ട്., തേങ്ങവെള്ളം, മുതലായവ കൊണ്ട് രുചികരമായ പല ഭക്ഷണയിനങ്ങളും നിർമ്മിക്കാവുന്നതാണ്. മുറിച്ചുകളയുന്ന മുടിപോലും വിദേശങ്ങളിൽ പല തരത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ടെന്നറിയുമ്പോഴാണ് മേൽപ്പറഞ്ഞ പാഴ്‌വസ്തുക്കളുടെ ഉപയോഗ സാധ്യതകളെക്കുറിച്ച് നമ്മിൽ പ്രതീക്ഷ ഉണരുന്നത്. റബ്ബറിനും, റബ്ബർത്തടി ഉൾപ്പെടെയുള്ള പലയിനം മൃദുദാരുക്കൾക്കും ചകിരിക്കും, പാളക്കും, പനനാരിനും, പനയലകിനും, അടക്കാത്തോടിനും, മൃഗക്കൊമ്പുകൾക്കുമെല്ലാം രൂപഭേദം വരുത്തി കമനീയവും ഉപയോഗപ്രദവുമായ ഉപകരണങ്ങളും കൗതുക വസ്തുക്കളുമെല്ലാം നിർമ്മിക്കാവുന്നതാണ്. തൽസംബന്ധമായ പരീക്ഷണങ്ങളും ഗവേഷണങ്ങളും ഇതോടൊപ്പം നടക്കുമ്പോൾ നൂതനമായ നിർമ്മാണ വ്യവസായ സംരംഭങ്ങൾ രൂപം കൊള്ളും. ഇങ്ങനെ കൃഷിയെ അടിസ്ഥാനമാക്കി എത്രയെത്ര വികസന സാധ്യതകളാണ് നമുക്ക് കടന്നെത്താനുള്ളത്! ഇതുപോലെ തന്നെ കാലിവളർത്തൽ, കോഴി (പക്ഷി) വളർത്തൽ, മീൻ-ചെമ്മീൻ കൃഷി എന്നിവയൊക്കെ അടിസ്ഥാനമാക്കി നിരവധി തൊഴിൽ സംരംഭങ്ങൾ തുടങ്ങാനാവും. കോഴിയുടെ ശരീരാവശിഷ്ടങ്ങളിൽ നിന്ന് പെട്രോൾ നിർമ്മിക്കാമെന്ന് ഒരു മലയാളി ശാസ്ത്രജ്ഞൻ കണ്ടുപിടിച്ചതായി ഈയിടെ പത്രത്തിലുണ്ടായിരുന്നു. ചാണകം, കോഴിക്കാഷ്ടം, മുതലായവയെ കൂടുതൽ സമ്പുഷ്ടവും സമീകൃതവുമാക്കി കൂടുതൽ മെച്ചപ്പെട്ട വളമാക്കി കർഷകർക്ക് വിതരണം ചെയ്യാം. ഇതിനെല്ലാമുള്ള ശ്രമം നടത്താതെയുള്ള വികസനം ലോട്ടറിയും സാട്ടാക്കച്ചവടവും കൊണ്ട് നാടു സമ്പന്നമാക്കാൻ തുനിയുന്നതുപോലെയിരിക്കും. ഉല്പാദന ക്ഷമമായ വികസന സംരംഭങ്ങൾക്കാണ് ഊന്നൽ കൊടുക്കേണ്ടത്. വിവാദങ്ങളിൽ കുരുങ്ങി, വികസനമെന്തെന്നു തിരിച്ചറിയാതെ, വികസനത്തിന്റെ പേരുപറഞ്ഞ് സൃഷ്ടിച്ചതൊന്നും ചിന്താശക്തിയുള്ള ഇവിടുത്തെ ജനത്തിന് ബോധ്യപ്പെടാതെ വന്നതാണ് മുൻ സർക്കാരിന്റെ വികസനത്തെ മുൻനിറുത്തിയുള്ള തിരഞ്ഞെടുപ്പു പ്രചാരണത്തിന് പിന്തുണ ലഭിക്കാതെ പോയത്.

കേരള സംസ്ഥാനം രൂപം കൊണ്ടതുമുതൽ മുൻസർക്കാർ അധികാരത്തിൽ വന്നതുവരെയുള്ള അഞ്ചരപതിറ്റാണ്ടു കാലത്തെ കേരളത്തിന്റെ പൊതുകടം 78673 ലക്ഷം കോടി രൂപയായിരുന്നു. എന്നാൽ ഇന്നത് 154057 ലക്ഷം കോടി പിന്നിട്ടു. അതായത് 55 വർഷക്കാലത്തെ മുൻകടത്തോടു ഏകദേശം തുല്യമായ കടബാധ്യത മുൻ യു.ഡി.എഫ്. സർക്കാർ 5 വർഷം കൊണ്ട് സൃഷ്ടിച്ചിട്ടുണ്ട് എന്നാണ് അതിന്റെ അർത്ഥം. ചുരുക്കത്തിൽ കഴിഞ്ഞകാലത്ത് നാം കണ്ട ധൂർത്തും സമൃദ്ധിയുമെല്ലാം കടം വാങ്ങിയ പണം കൊണ്ടുള്ള ആഘോഷമായിരുന്നു എന്നു സാരം. സ്വന്തം ഭരണകാലത്ത് ആരംഭിക്കാൻ പോലും കഴിയാത്ത പദ്ധതികൾക്ക് ആവശ്യമായ പൊണ്ണൻ പൈപ്പുകളും മറ്റും പാതയോരങ്ങളിൽ കൂട്ടിഇട്ടിരിക്കുന്നത് എന്നുപയോഗിക്കുമെന്നറിയില്ല. ഇവയെല്ലാം വാങ്ങിയതിന്റെ കമ്മീഷൻ മന്ത്രിക്കും സഹകാരികൾക്കും കിട്ടിക്കഴിഞ്ഞതിനാൽ പിന്നെ പൈപ്പിന്റെ ഭാവി എന്തായാലും അവർക്ക് പ്രശ്നമല്ലല്ലോ. കേരളത്തിൽ പലയിടങ്ങളിലും വർഷങ്ങളായി കൂട്ടിയിട്ടിരിക്കുന്ന പെരുത്ത കുഴലുകൾ ഭാവിയിൽ കിട്ടാതെ വന്നെങ്കിലോ എന്ന ഭയത്തിൽ വാങ്ങി സംഭരിച്ചതൊന്നുമല്ല.

സർക്കാർ കടമെടുക്കുന്ന പണം ധന-തൊഴിലവസരം സൃഷ്ടിക്കുന്ന മൂലധന നിക്ഷേപത്തിനല്ലെങ്കിൽ അതിനെന്തുന്യായീകരണം? ഒരു സാമ്പത്തിക ശാസ്ത്രവും അത് അംഗീകരിക്കുന്നില്ല. ധനോല്പാദന ഘടകം അവഗണിച്ച് പണം കടമെടുത്താൽ പലിശ സഹിതം ആ പണമെങ്ങനെ തിരിച്ചടക്കും? തുടർന്നു വരുന്ന സർക്കാരിന് കിട്ടുന്ന വരുമാനം മുൻകടം തീർക്കാൻ വിനിയോഗിക്കേണ്ടി വരുമ്പോൾ നാടിന്റെ ഭാവി എന്താകും? ഇത് നാടിന്റെ പുരോഗതിക്കു തടസ്സമാകുമെന്നുറപ്പാണ്. ഇതു മനസ്സിലാക്കാൻ സാമാന്യ നേർക്കാഴ്ച മാത്രമേവേണ്ടൂ. അടുത്തുവരുന്ന സർക്കാരിന് പ്രവർത്തിക്കാനാവാത്തവിധം എല്ലാക്രിയകളും ഒപ്പിച്ചിട്ടാണ് മുൻഗാമികൾ

പ്രലോഭനങ്ങളും സമ്മർദ്ദങ്ങളും ചെറുത്തുനിൽക്കാൻ ത്രാണിയുള്ള ഭരണകർത്താവാണ് മുഖ്യമന്ത്രി പിണറായി വിജയൻ എന്ന ചിന്ത കേരളത്തിലെ ജനങ്ങളിൽ പൊതുവെ ഉണ്ട്. മന്ത്രി സഭാരൂപീകരണത്തിൽ ഉണ്ടാകാവുന്ന സമ്മർദ്ദങ്ങൾ സുഗമമായിനേരിട്ടാണ് കാര്യം നിർവ്വഹിച്ചത്. എടുത്ത വ്യക്തികളെക്കുറിച്ചും ലഭിച്ച വകുപ്പുകളെ സംബന്ധിച്ചും ആരും ഒരു പരാതിപോലും പറഞ്ഞുകേട്ടില്ല. അഴിമതിക്കാരെയെല്ലാം ഒഴിവാക്കിയത് ശ്രദ്ധിക്കപ്പെട്ടു. പ്രാദേശിക-മത-സാമുദായിക താല്പര്യങ്ങൾ പ്രകടിപ്പിക്കുന്നവരെല്ലാം നിശബ്ദത പാലിച്ചു. കാരണം അവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കപ്പെടില്ല എന്ന് തിട്ടമായി. രാഷ്ട്രീയ നേതാക്കൻമാർ അധികാര-സാമ്പത്തിക നേട്ടങ്ങൾക്കായി റവന്യൂ-പൊലീസ് വകുപ്പുകളിൽ ഇഷ്ടക്കാരെ നിയമിക്കാൻ സമ്മർദ്ദം ചെലുത്തുന്ന പതിവ് അവസാനിക്കുമെന്ന് പ്രതീക്ഷിക്കാം. അഴിമതിക്കാർ രക്ഷപെടുകയില്ല എന്ന തോന്നൽ സൃഷ്ടിക്കാൻ മന്ത്രിസഭ രൂപംകൊണ്ടയുടനെ ഉണ്ടായ സംഭവം സഹായകമായി.

ഇൻഡ്യൻ നാഷണൽ കോൺഗ്രസ് കേരളത്തിൽ സവർണ്ണ ഹിന്ദു-ക്രിസ്ത്യൻ മേധാവിത്വം ഉള്ള ഒരു രാഷ്ട്രീയ പ്രസ്ഥാനമായിട്ടാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ മതേതരത്വം നിലനിർത്തുന്നതിൽ അതു ശ്രദ്ധിച്ചിരുന്നു. എന്നാൽ ഇന്നതിന് ഈ സവിശേഷത നഷ്ടപ്പെട്ടിരിക്കുന്നു. മതസാമുദായിക സമ്മർദ്ദങ്ങൾക്ക് വഴിപ്പെട്ടും അതിലുപരി അവയെ പ്രീണിപ്പിച്ചും സാമുദായിക പിന്തുണ നേടി ഭരണത്തിൽ കഴിയുവാനുള്ള ശ്രമമാണ് കഴിഞ്ഞകാലത്ത് കണ്ടത്. അഞ്ചാം മന്ത്രിവിവാദം, നിയമം മറന്ന് സ്കൂൾ അനുവദിക്കൽ, മതനേതാക്കളുടെ ആവശ്യപ്രകാരം ക്രിമിനലുകളെ രക്ഷപെടുത്തൽ, സിദ്ധന് വസ്തു അനുവദിക്കൽ അവയെല്ലാം പ്രീണനത്തിൽ പെടും. ഇത്തരം സമീപനം ഇതു പോലുള്ള സൗജന്യങ്ങൾ കിട്ടാത്തവരിൽ അസ്വസ്ഥതയും ഇവിടെ ഭരണമൊഴിഞ്ഞിരിക്കുന്നത്. തങ്ങളുടെ അദ്ധ്വാനം കൊണ്ടു നടത്തിയ നാടിന്റെ വികസനമെന്ന് കൊട്ടിഘോഷിച്ച് ജനത്തിന്റെ കണ്ണിൽ പൊടിയിടാനുള്ള ശ്രമം വിജയിക്കാത്തത് ആശ്വാസകരം. അല്ലെങ്കിൽ കടമെടുപ്പും ധൂർത്തും തുടരുമായിരുന്നു.

അതുകൊണ്ട് സാമ്പത്തിക രംഗത്ത് വളരെ ശ്രദ്ധയോടെയുള്ള പുനർവിചിന്തനവും വിലയിരുത്തലും ആസൂത്രണവും അതിനനുസൃതമായ ജാഗ്രതാപൂർവ്വമായ നടപടികളും ആവശ്യമായി വന്നിരിക്കുകയാണ്. സാമ്പത്തിക ശാസ്ത്രം സംബന്ധിച്ച പഠനവും കാഴ്ചപ്പാടും അനുഭവസമ്പത്തുമുള്ള ഡോ. തോമസ് ഐസക്ക് ധനവകുപ്പ് ഏറ്റെടുത്തിരിക്കുന്നതിനാൽ പുതിയ സർക്കാരിന്റെ കാലത്ത് കാര്യങ്ങൾ വേണ്ടവിധം മുമ്പോട്ടുപോകുമെന്ന ഉറപ്പ് ജനങ്ങൾക്കുണ്ട്. ജനപങ്കാളിത്തവും നാടിന്റെ വിഭവ-ഉല്പാദന ശേഷികളും കൃത്യമായ ആസൂത്രണ-നിർവ്വഹണങ്ങൾ വഴി സമന്വയിപ്പിച്ച് മൂലധനനിക്ഷേപം നടത്തി നാടിന്റെ സാമ്പത്തിക നിലയും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുവാൻ അറിവും പ്രാപ്തിയും ദീർഘവിക്ഷണവുമുള്ള അദ്ദേഹത്തിനു സാധിക്കും. അങ്ങനെ സാമ്പത്തിക രംഗത്തെ തകർച്ചയും താറുമാറും മാറ്റി ശരിയായ നിലയിലെത്തിക്കാൻ കർശന നടപടികൾ തന്നെ വേണ്ടി വരും. അതിന് ഭരണകൂടത്തിന്റെ പൂർണ്ണമായ പിന്തുണയും സഹകരണവും ആവശ്യമാണ്.

കഴിഞ്ഞ മന്ത്രിസഭയുടെ ഭരണകാലത്ത് ഇവിടെ നടന്ന അഴിമതിയുടെ വ്യാപനവും അനന്തര ഫലങ്ങളും എത്ര കടുത്തതായിരുന്നു. എന്ന് അക്കാലത്തെ വാർത്തകൾ നിരീക്ഷിച്ചിട്ടുള്ളവർക്കറിയാം. മന്ത്രി ആയതിന്റെ പിറ്റേദിവസം മുതൽ അഴിമതി ആരോപണവിധേയനായിരുന്ന അനൂപ് ജേക്കബിനെപ്പോലുള്ള പുതുമുഖങ്ങൾ പോലും അന്വേഷണ പ്രക്രിയകളിൽ ഇടപെട്ട് തടസ്സം സൃഷ്ടിച്ചും, സമർത്ഥരായ അഭിഭാഷകരുടെ സേവനം ഉപയോഗപ്പെടുത്തിയും അഴിമതിക്കേസിലെ പ്രതികൾക്ക് പലപ്പോഴും തലയൂരാൻ വഴിയുണ്ടാക്കി എന്നത് ശരിയാണ്. എന്നിരുന്നാലും ഈ അഴിമതിക്കഥകളിൽ സത്യമുണ്ട് എന്ന് ജനത്തിനു ബോധ്യമായിട്ടുണ്ട്. മന്ത്രിസഭയിലെ മിക്ക അംഗങ്ങളും ആരോപണ വിധേയരായി തെരഞ്ഞെടുപ്പു കാലത്ത് വോട്ടു പിടിക്കാൻ നിരത്തിയ നേട്ടങ്ങളുടെ പട്ടികയിൽ മദ്യനിയന്ത്രണ കാര്യവും ഉണ്ടായിരുന്നല്ലോ. കോഴയ്ക്കുവേണ്ടി വിലപേശലിൽ ആരംഭിച്ച് അവസാനം ബാറുകൾ അടപ്പിക്കേണ്ടി വന്നത് ഗത്യന്തരം ഇല്ലാത്തതുകൊണ്ടാണ് എന്ന് ഇവിടെ ആർക്കാണ് അറിവില്ലാത്തത്. പിന്നെ ചായക്കടകൾപോലെ വൈൻ-ബിയർ പാർലറുകൾ തുറക്കാൻ അനുവാദവും നൽകി. സമ്പൂർണ്ണ മദ്യനിരോധനത്തിലേക്കുള്ള ഏണിപ്പടികൾ!

അഴിമതി മന്ത്രിതലത്തിൽ മാത്രം ഒതുങ്ങി നിന്നില്ല. അതങ്ങനെയാണല്ലോ. മന്ത്രിമാരുടെ അഴിമതി മാതൃകയാക്കി ഉദ്യോഗസ്ഥ-അനുദ്യോഗസ്ഥ വൃത്തങ്ങളിലെല്ലാം അഴിമതി മത്സരമായി. പദവിക്കനുസരിച്ച് കോഴത്തുക. കടം വാങ്ങിയ തുക തിരികെ വാങ്ങുന്ന ലാഘവത്തോടെയായി ചില ജില്ലാ കളക്ടർ ഉൾപ്പെടെയുള്ളവരുടെ കോഴപിരിവ്. അഴിമതി ജനകീയവല്ക്കരിച്ച ഒരു ഭരണകൂടത്തിനു പിന്നാലെ ചുമതല ഏറ്റിരിക്കുന്ന പുതിയ സർക്കാരിന് ഈ പ്രവണതയ്ക്ക് ഫലപ്രദമായി തടയിടണമെങ്കിൽ ഭരണ ഉദ്യോഗസ്ഥ പോലീസ് തലങ്ങളിൽ കാര്യമായ അഴിച്ചുപണി ആവശ്യമായി വരും. അഴിമതി വിമുക്തമായ ഒരു ഭരണം കാഴ്ചവയ്ക്കാൻ സാധിച്ചാൽ ഇലക്ഷൻ പ്രചാരണത്തിനു ഫണ്ടുപോലും ശേഖരിക്കേണ്ടി വരില്ല. സംശുദ്ധമായ ഭരണമാണ് തുടർഭരണത്തിന് ആവശ്യമായ പ്രചാരണത്തിന്റ മൂലധനം. അതു തന്നെ അതിന്റെ അച്ചാരവും. ഇതു പുതിയ സർക്കാരിന് തിരിച്ചറിയാൻ സാധിക്കണം.

**ലേഖനം**

# ദർശനങ്ങൾ ഇല്ലാതാകുമ്പോൾ

**ഫാ. എ. എം. ഉലഹന്നാൻ ഏറാടിക്കുന്നേൽ**

"വെളിപാട് ഇല്ലാത്തിടത്ത് ജനം മര്യാദവിട്ടു നടക്കുന്നു; ന്യായപ്രമാണം കാത്തുകൊള്ളുന്നവനോ ഭാഗ്യവാൻ". (സദൃ. 29:18)

ഈ വാക്യത്തിന്റെ ആദ്യപകുതി ഇംഗ്ലീഷ് വേദപുസ്തകത്തിൽ ഇങ്ങനെയാണ്. മലയാളത്തിൽ ഇത് തർജ്ജമയെക്കാൾ കൂടുതൽ വ്യാഖ്യാനമാണ് എന്നു തോന്നുന്നു. "ദർശനമില്ലാത്തിടത്ത് ജനത നശിക്കുന്നു" എന്ന് നമുക്കിത് തർജ്ജമ ചെയ്യാം.

ദൈവീകബന്ധത്തെക്കാൾ നല്ലത് സ്വയം ദൈവമായി തീരുന്നതാണ് എന്നു ചിന്തിച്ച ആദിമനുഷ്യൻ മുതൽ നമ്മിൽ ഓരോരുത്തരുടേയും ചരിത്രംവരെ വ്യാപിച്ചു നിൽക്കുന്നു എന്നതാണ് ഈ വാക്യത്തിന്റെ പ്രസക്തി. സദൃശ്യവാക്യ കർത്താവ് ഇങ്ങനെ എഴുതുമ്പോൾ, ആദിമനുഷ്യൻ മുതൽ യഹൂദവർഗ്ഗത്തിന്റെ ചരിത്രം മുഴുവനായി മനസ്സിൽ കണ്ടിരിക്കാം. കാരണം, സർവ്വകാലത്തേയും ജ്ഞാനത്തെ കടന്നു നിൽക്കുന്നതായിരുന്നല്ലോ ശലോമോന്റെ ജ്ഞാനം. ആദിമനുഷ്യന് ദൈവവുമായുള്ള ബന്ധം വ്യക്തിപരമായിരുന്നു. ഒരു സ്നേഹിതനെപ്പോലെ അടുത്തിടപ്പെടുകയും പെരുമാറുകയും ചെയ്യുന്ന ദൈവം. ഈ ദൈവീക ദർശനം നഷ്ടപ്പെട്ടപ്പോൾ അവനു നഷ്ടമായത് പറുദീസാവാസമാണ്. കിട്ടിയത്, മുള്ളും പാറക്കാരയും നിറഞ്ഞ ലോകത്തിലെ വിയർപ്പൊഴുക്കിയുള്ള മരണവിധേയമായ ജീവതവും. ദർശനമില്ലാത്തേടത്ത് നശിച്ച ആദ്യജീവിതം. പിന്നീടിങ്ങോട്ടുള്ള യഹൂദവർഗ്ഗത്തിന്റെ ചരിത്രം മുഴുവനും ദൈവീകദർശനത്തിൽ തളിർക്കുകയും ദർശന നഷ്ടത്തിൽ നശിക്കുകയും ചെയ്യുന്ന ഒരു ചരിത്രമാണ്.

കാലത്തെ അതിശയിപ്പിക്കുന്ന യുഗസ്രഷ്ടാക്കളുടെ ദർശനമാണ് പ്രാചീന സംസ്കാരങ്ങൾക്കെല്ലാം ആധാരമായത്. പാപം ചെയ്തു ദർശനം നഷ്ടപ്പെട്ട ആദാമിനും ഭാര്യക്കും ദൈവം നൽകിയ ഒരു ശിക്ഷയായിരുന്നു ഭരിക്കാനും ഭരിക്കപ്പെടാനുമുള്ള വിധി. അന്ന് വ്യക്തികളിൽ തുടങ്ങിയ ആ ഭരണമോഹം, പിൽകാലത്ത് ഒരു സാമൂഹ്യാചാരമായി മാറി. ലക്ഷ്യബോധത്തിന്റെയും ആത്യന്തികസത്യങ്ങളുടേയും ദർശനങ്ങൾക്കുനേരെ, വിഷപാത്രം മുതൽ മരക്കുരിശുവരെ ഭരിക്കാൻ വേണ്ടി ജനിച്ചവൻ ഒരുക്കിവച്ചു. പാത്രങ്ങളിൽ

---

എതിർപ്പും സൃഷ്ടിക്കുക സ്വാഭാവികമാണ്. ഈ അവസ്ഥ മുതലെടുത്ത് സമുദായ നേതാക്കൾ സാമുദായിക സ്വഭാവമുള്ള രാഷ്ട്രീയപ്പാർട്ടികൾക്കു രൂപം നൽകി അവയെ മതാധിഷ്ഠിത രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് വളരുവാൻ സാഹചര്യമൊരുക്കുകയും ചെയ്തു. എന്നാൽ ഇവിടത്തെ ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, പ്രത്യേകിച്ച് സി.പി.എം., ഇതിനെതിരെ ധീരമായ നിലപാടെടുത്തു. അതിന്റെ ഒരു അനുകൂല പ്രതികരണം കൂടിയായിരുന്നു. ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിലെ ഇടതുപക്ഷ വിജയം വർഗ്ഗീയ ശക്തികൾക്കെതിരെ മാർക്സിസ്റ്റ് പാർട്ടിയുടെ ശക്തമായ നിലപാട് ഈ നാട്ടിലെ മത-നിരപേക്ഷ-ജനാധിപത്യ വിശ്വാസികൾക്ക് ഏറെ പ്രത്യാശ നൽകി. ഇടതുപക്ഷ സാന്നിധ്യമാണ് വർഗ്ഗീയത വളരുന്നതിനെ തടയുന്ന പ്രധാന ഘടകമെന്ന് കേരള സമൂഹം തിരിച്ചറിഞ്ഞു.

ഒരു ദേശത്ത് നീതിവ്യവസ്ഥയും ജനാധിപത്യവും നിലനിർത്തുവാൻ ജ്യൂഡീഷ്യറിയുടെ പങ്ക് നിർണ്ണായകമാണ്. കോടതി വിധികൾ അട്ടിമറിക്കുന്നതിന് മുൻ സർക്കാർ സകല വിധ കൗശലങ്ങളും പ്രയോഗിച്ചു കൊണ്ടിരുന്നു. മലങ്കര സഭാ വസ്തുക്കളുടെ ഉടമസ്ഥത സംബന്ധിച്ച കേസുകളിൽ കോടതി തീർപ്പുകൽപ്പിച്ചിട്ടും വിധികൾ നടപ്പിലാക്കാതെ അനീതിക്ക് കൂട്ടുനിൽക്കുകയാണ് ആ സർക്കാർ ചെയ്തിട്ടുള്ളത്. ഈ നയം അക്രമങ്ങൾ വ്യാപകമാക്കുവാനും അരാജകത്വവും അഴിമതിയും വർദ്ധിക്കുന്നതിനും നീതി നിഷേധിക്കപ്പെടുന്നതിനുമാണ് സഹായകമായത്. കോടതി വിധികൾ നീതിന്യായങ്ങളുടെ അടിസ്ഥാനത്തിലാകയാൽ അവ നിഷ്പക്ഷമായി നടപ്പിലാക്കാതിരിക്കുന്നത് സർക്കാരിന്റെ അനീതിക്കും അധാർമ്മികതയ്ക്കും പക്ഷപാതത്തിനും വ്യക്തവും ഋജുവുമായ തെളിവാണ്.

ദുർഭരണവും, അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയും വർഗ്ഗീയത വളർത്തലും മുഖമുദ്രയാക്കിയ മുൻ സർക്കാരിന്റെ പതനം ഓരോ ഭരണകൂടത്തിനും മുന്നറിയിപ്പാണ്. ചരിത്രത്തിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് സദ്ഭരണം കാഴ്ചവയ്ക്കുവാൻ പുതിയ കേരള സർക്കാരിന് സാധിക്കട്ടെ എന്നാശംസിക്കുന്നു. ഭരണത്തെ ഒരു വെല്ലുവിളിയായി സ്വീകരിച്ച് ജനക്ഷേമപരമായും നീതിനിഷ്ഠമായും അതു നിർവ്വഹിക്കുവാൻ എല്ലാ സർക്കാർ ഘടകങ്ങൾക്കും സാധ്യമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സസ്നേഹം

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

നിറയ്ക്കുന്ന വിഷത്തിനു പകരം ഇന്നു വാതകരൂപത്തിലുള്ള വിഷമാണെന്നുമാത്രം വ്യത്യാസം. പക്ഷേ, ഏതുതരത്തിലുള്ള വിഷത്തെയും കുരിശിനെയും അതിജീവിച്ച് നിലനിൽക്കുന്ന മൂല്യങ്ങളും സത്യങ്ങളും ഉണ്ട്. മഹാമനീഷികളുടെ ദർശനത്തിൽ രൂപം കൊണ്ട ആ മൂല്യങ്ങളും സത്യങ്ങളും ഇനിയും നിലനിൽക്കും. കാരണം ഏതു നശീകരണ തരംഗങ്ങൾക്കും അപ്പുറം പോകുന്നവയായിരുന്നു ആ ആചാര്യന്മാരുടെ ദർശനം. ഏതു ശാപത്തിനും ഒരു ശാപമോക്ഷവും കൂടി വിധിക്കുന്ന പൗരസ്ത്യ വേദ ചിന്തയിലും നിഴലിക്കുന്നത് ഇതുതന്നെയാണ്. കാരണം പൗരസ്ത്യ വേദാചാര്യന്മാരും മനസ്സിലാക്കിയിരുന്നു, ദർശനം ഇല്ലാത്തിടത്ത് ജനം നശിക്കുന്നു എന്ന്.

ആധുനിക കാലത്ത്, ദർശനമില്ലായ്മ മൂലം തകരുന്ന മറ്റൊരു മണ്ഡലം രാഷ്ട്രീയത്തിന്റേതാണ്. നേതൃത്വത്തിന്റെ ദീർഘവീക്ഷണമില്ലായ്മമൂലം നശിക്കുന്നത് സാധാരണ മനുഷ്യന്റെ ജീവിക്കാനുള്ള അവകാശമാണ്. രാഷ്ട്രീയ ''ഇമ്പങ്ങൾ''ക്കപ്പുറം നിൽ ക്കുന്ന മനുഷ്യനെ കാണാൻ മാത്രം ദൂരത്തിൽ, നേതാക്കളുടെ ദർശനം എത്തിച്ചേരുന്നില്ല. അഥവാ കണ്ടാലും തങ്ങൾ ക്കു മുകളിലുള്ളവരെ മാത്രമേ കാണുകയുള്ളൂ; താഴെയുള്ളവരെ കാണാൻ ശ്രമിക്കാറില്ല. മുകളിലേക്കുമാത്രം ബാധകമായ ''സമത്വ''സങ്കൽപമാണ് അവരുടേത്. അതും വളരെ ചുരുങ്ങിയ ഒരു കാലയളവിൽ ഒതുങ്ങിനിൽക്കുന്ന വീക്ഷണം. ഇപ്പോഴും വിഷൻ 2020 വരെ മാത്രമേ നമുക്ക് സങ്കൽപിക്കാൻ കഴിയൂ. അതിനപ്പുറമുള്ള ലോകക്രമത്തെക്കുറിച്ചു സങ്കൽപിക്കാൻ നമ്മൾ പഠിച്ചിട്ടില്ല.


മറ്റൊരു കാര്യം, ആഹാബിന്റേയും ഈസബേലിന്റേയും കാലത്തു മാത്രമല്ല, ഏതുകാലത്തും നാബോത്തിന്റെ മുന്തിരിത്തോപ്പുകൾ ഭരണനേതൃത്വത്തിന്റെ ദൗർബല്യമായിരുന്നു. ഇന്നത്തെചുറ്റുപാടിൽ കൂടുതൽ വിശദീകരിക്കുന്നില്ല. ഇതിന്റെയെല്ലാം ആത്യന്തികഫലം, രാഷ്ട്രീയസംഘടനകളിൽ ജനത്തിനുള്ള വിശ്വാസം തകരുന്നു എന്നതാണ്. ദർശനമില്ലാത്തിടത്തു ജനത നശിക്കുന്നു.

വിദ്യാഭ്യാസമേഖലയിലെ ദർശനമില്ലായ്മ നശിപ്പിക്കുന്നത് നമ്മെ മാത്രമല്ല, വരാനിരിക്കുന്ന തലമുറകളേയും അതുവഴി നാളത്തെ ലോകത്തെത്തന്നെയുമാണ്. കുറെ വസ്തുതകൾ പഠിക്കുന്ന വിവരശേഖരണത്തിന്റെ പ്രക്രിയ മാത്രമായി വിദ്യാഭ്യാസം കണക്കാക്കപ്പെടുന്നു. സമഗ്രമായ ഒരു ജീവിതവീക്ഷണം രൂപപ്പെടുത്താൻ ഇന്നത്തെ വിദ്യാഭ്യാസം ഉപകരിക്കുന്നില്ല. അതുകൊണ്ടാണ്, ''വിദ്യാഭ്യാസം കൊണ്ടു കള്ളനെ നല്ലവനാക്കാൻ കഴിയില്ല; പഠിച്ച കള്ളനാക്കാനേ കഴിയൂ'' എന്ന് പറയുന്നത്. വിദഗ്ദ തൊഴിലാളിയേയും കൈ ത്തൊഴിൽ നിപുണരേയും, സ വിശേഷജ്ഞാനികളേയും രൂപപ്പെടുത്തിയെടുക്കുന്ന പണിശാലകൾ ആയി വിദ്യാഭ്യാസസ്ഥാപനങ്ങൾ മാറി. ഭാഷ, സംസ്കാരം, കല, സാഹിത്യം ഇവയെല്ലാം അവഗണിക്കപ്പെടുന്നു. ഇന്നലെകളെ അറിയാതെ ഇന്നിനെ അറിയാതെ നാളെയെക്കുറിച്ചു ബോദ്ധ്യങ്ങളില്ലാതെ, യന്ത്രസമാന വ്യക്തികളായി ഓരോ കുട്ടിയും പുറത്തുവരുന്നു. ഒരു നിമിഷം വിശ്രമമില്ലാതെ പകൽ മുഴുവൻ അദ്ധ്വാനിച്ച് നേടുന്നതു മുഴുവൻ പകലന്ത്യത്തിൽ ധൂർത്തടിച്ചു തീർക്കുന്ന ഒരു യന്ത്രമനുഷ്യൻ.

ധനസമ്പാദനത്തിലേക്കുള്ള ഒരു വഴിയായി വിദ്യാഭ്യാസത്തെ കാണുമ്പോഴാണ് അത് ചീർപ്പിക്കുന്ന അറിവായി പോകുന്നത്. (1. കൊരി. 8:1) ജീവിതസത്യങ്ങളേയും ജീവിതാതീതമായ ദൈവിക സത്യങ്ങളേയും ബോദ്ധ്യപ്പെടുത്തുന്ന അറിവാണ് സ്വതന്ത്രമാക്കുന്ന അറിവ്. (യോഹ. 8:32) എന്നിലെ എന്നേയും എന്നിലെ ദൈവത്തെയും ഞാനും ഭാഗമായിരിക്കുന്ന ഈ പ്രപഞ്ചത്തേയും അതിന്റെ ഗംഭീരസൗന്ദര്യത്തേയും അറിയാൻ സഹായിക്കുമ്പോഴേ വിദ്യാഭ്യാസം അർത്ഥപൂർണ്ണമായി തീരുകയുള്ളൂ. അതു യാഥാർത്ഥ്യമായിത്തീർന്നില്ലെങ്കിൽ ഇന്നത്തേതു മാത്രമല്ല, നാളത്തെ ജനതയും നശിക്കുന്നു.

ദർശനമില്ലായ്മ ഏറ്റവും മാരകമായി തീരുന്നതു മതവിശ്വാസത്തിന്റെ കാര്യത്തിലാണ്. മതനിരപേക്ഷമായി ചിന്തിക്കാൻ പോലും കഴിയാത്തത്ര ആഴത്തിൽ അതു നമ്മെ കീഴടക്കിയിരിക്കുന്നു. അതുകൊണ്ടു തന്നെ നേതൃത്വത്തിന്റെ ദർശനമില്ലായ്മ ഏറ്റവും വലിയ ഏറ്റുമുട്ടലുകളിലേക്കു നയിക്കും. മനുഷ്യവർഗ്ഗത്തിന്റെ ചരിത്രത്തിലെ രക്തരൂക്ഷിതമായ ഏറ്റുമുട്ടലുകൾക്കെല്ലാം തന്നെ, മതനേതൃത്വത്തിന്റെ ദർശനമില്ലായ്മ കാരണമായിട്ടുണ്ട്. മതബോധം അടച്ച പാത്രത്തിലെ ആവിശക്തിപോലെയാണ്. വിവേകത്തോടെ ഉപയോഗിച്ചാൽ യന്ത്രങ്ങൾ പ്രവർത്തിക്കാൻ കഴിയുന്ന അതേ ശക്തികൊണ്ടുതന്നെ പൊട്ടിത്തെറിയും നാശവും വരുത്തുവാനും കഴിയും.

ആധുനിക മനുഷ്യന്റെ തിരക്കിട്ട ജീവിതത്തിൽ വിശ്വാസം, യാന്ത്രികമായ ചില അനുഷ്ഠാനങ്ങളും പ്രകടനങ്ങളും മാത്രമായി തരംതാണു. ക്രിസ്തുമതം അംഗീകൃതമതമായി സ്വീകരിക്കപ്പെട്ടതു മുതൽ അതു ഭരണവർഗ്ഗത്തോട് ഒട്ടിനിൽക്കാനാണ് ശ്രമിച്ചിട്ടുള്ളത്. ദർശനമില്ലാത്ത നേതൃത്വം ഭരണത്തിൽ ഒട്ടിനിന്നുകൊണ്ട് കൊല്ലുകയും കൊല്ലപ്പെടുകയും ചെയ്യുന്ന 'വിശ്വാസികളെ'യാണ് സൃഷ്ടിക്കുന്നത്. ഇത്തരം വിശ്വാസികളെയാണ് പ്രസിദ്ധമായ ഷിക്കാഗോ പ്രസംഗത്തിൽ സ്വാമി വിവേകാനന്ദൻ കൂപമണ്ഡൂകങ്ങൾ എന്നു വിശേഷിപ്പിച്ചത്. ദീർഘവീക്ഷണവും വീക്ഷണ വിശാലതയുമില്ലാത്ത നേതൃത്വത്തിനുകീഴിൽ 'വിശ്വാസികളിൽ' നിറയുന്നത് സ്നേഹത്തിന്റെയും സമഭാവനയുടേയും പരസ്പര അംഗീകാരത്തിന്റെയും സ്ഥാനത്ത് വെറുപ്പും വിദ്വേഷവും ആക്രമണ-നശീകരണ വാസനകളും ആയിരിക്കും. അതുകൊണ്ടാണ്



*അഭിമുഖം*

# അനുഭവങ്ങൾ, വീക്ഷണങ്ങൾ, വിശദീകരണങ്ങൾ (തുടർച്ച)

**അടുത്ത കാലത്ത് ആലപ്പുഴ ജില്ലയിൽ പരവൂരിനടുത്ത് പുറ്റിങ്കൽ ക്ഷേത്രപരിസരത്ത് നടന്ന വെടിക്കെട്ട് മത്സരത്തിൽ നൂറിലധികം പേർക്ക് ജീവഹാനി നേരിട്ടു. ഇതോടനുബന്ധിച്ച് ആരാധനാസ്ഥലങ്ങളിൽ വെടിക്കെട്ട് നിരോധിക്കണം എന്ന ആവശ്യം ഉയർന്നിട്ടുണ്ടല്ലോ. പള്ളികളിൽ പെരുന്നാളുകളുമായി ബന്ധപ്പെട്ട് വലിയ തോതിൽ വെടിക്കെട്ടു നടക്കുന്നുണ്ട്. ഇതു നിരോധിക്കേണ്ടതല്ലേ?**

കരിമരുന്നു പ്രയോഗം (വെടിക്കെട്ട്) പുരാതനമായ ഒരു കലയാണ്. കാലാകാലങ്ങളിൽ അതിൽ പുതിയ സങ്കേതങ്ങൾ കണ്ടെത്തുകയും പരീക്ഷിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. പരിസരത്തെ ശബ്ദമുഖരിതമാക്കി കിടിലം കൊള്ളിക്കുകയും ആകാശത്ത് അത്ഭുതങ്ങൾ വിരിക്കുകയും പ്രഭാപൂരം പരത്തുകയും മനുഷ്യമനസ്സുകളെ അത് ആഹ്ലാദിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ അതു സംബന്ധിച്ച് രണ്ടു കാര്യങ്ങൾ ഓർക്കേണ്ടതുണ്ട്. (1) ചെലവേറിയ വിനോദമാണ്. (2) അപകടസാധ്യതയുള്ളതാണ്. കൂടാതെ ദാരിദ്ര്യവും പട്ടിണിയും നിലനിൽക്കുമ്പോൾ ഇത്തരം ഒരു ധൂർത്ത് മനഃസാക്ഷിയുള്ള സമൂഹത്തിന് ഭൂഷണമാണോ എന്ന പ്രശ്നം കൂടി നിലനിൽക്കുന്നു.പാവപ്പെട്ടവരോടു ചേർന്നു നിൽക്കേണ്ട സഭയ്ക്ക് അതിന് നീതീകരണം കാണാനാവില്ല. അധ്വാനിച്ച് പണമുണ്ടാക്കുന്ന ആർക്കുംതന്നെ അതിനെ ശരിവയ്ക്കാനും കഴിയില്ല. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതാണ് വെടിക്കെട്ട് അപകടങ്ങളുടെ മുഖ്യകാരണം. എന്നാൽ എത്ര ശ്രദ്ധിച്ചാലും അപകടങ്ങൾ പൂർണ്ണമായി തടയാനും സാധ്യമല്ല. മാത്രമല്ല, വെടിക്കെട്ടിന് ആരാധനയുമായി ബന്ധവുമില്ല. ഇതിന്റെയെല്ലാം വെളിച്ചത്തിൽ പള്ളി-ക്ഷേത്രപരിസരങ്ങളിൽ വെടിക്കെട്ട് നടത്താതിരിക്കുകയാണ് നല്ലത്. കേരള ഹൈക്കോടതി ആരാധനാലയ പരിസരത്തെ വെടിക്കെട്ട് നിരോധിച്ചിട്ടുണ്ട്. (The Hindu, പേജ് 5; 28-5-2016)

**ഈ വർഷത്തെ വരൾച്ച പതിവിലേറെ കഠിനമായിരുന്നു. കുടിവെള്ളം പോലും കിട്ടാനില്ലാതെ ചിലയിടങ്ങളിൽ മനുഷ്യർ വല്ലാതെ വലഞ്ഞു. ക്രൈസ്തവസഭ ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതായി കാണുന്നില്ല. മുൻകാലങ്ങളിൽ മഴയ്ക്കുവേണ്ടി പ്രത്യേക പ്രാർത്ഥനയെങ്കിലും നടത്തിയിരുന്നു. ഇപ്പോൾ അതുമില്ല. സഭയ്ക്ക് ഇക്കാര്യത്തിൽ പ്രതികരിക്കാനുള്ള ബാധ്യതയില്ലേ?**

ജലദൗർലഭ്യം വരും കാലങ്ങളിൽ കൂടുതൽ രൂക്ഷമാകും എന്നതിന്റെ സൂചനയാണ് വരൾച്ച. ജലത്തിന്റെ മിതമായ ഉപയോഗം, ഉപയോഗിച്ച ജലത്തിന്റെ റീ-സൈക്ലിംഗ്, ജലം മലിനമാകാതെ സൂക്ഷിക്കൽ മഴവെള്ള ശേഖരണം, മഴവെള്ളം ഒഴുകി നഷ്ടപ്പെടാതെ തടഞ്ഞ് ഭൂമിയിൽ താഴാനുള്ള നടപടി

ദൈവാത്മാവ് വ്യാപരിക്കുന്ന സമൂഹത്തിന്റെ ലക്ഷണമായി പത്രോസ് ശ്ലീഹാ യോവേൽ പ്രവചനം ഉദ്ധരിക്കുന്നത്. സകല ജഡത്തിന്മേലും ഞാൻ എന്റെ ആത്മാവിനെ പകരും (യോവേൽ. 2:28,29).

ഒരു കാര്യവും കൂടി സൂചിപ്പിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ. ഓരോ വ്യക്തിയുടെ യും-പ്രത്യേകിച്ച് നേതൃത്വത്തിലുള്ളവരുടെ ദർശനം ദീർഘവും വിശാലവും ആയിത്തീരുമ്പോൾ ഈ ലോകം സൃഷ്ടിയിലെന്ന പോലെ അതിന്റെ ആദ്യാവസ്ഥയിലേക്കെത്തും. ഓരോന്നും കാണുമ്പോൾ 'നല്ലത്' എന്നു പറയാൻ നമുക്ക് കഴിയും. അപ്പോൾ ഓരോ വ്യക്തിയുടെയും ജീവിത സംതൃപ്തമായിതീരും. അത് ഭൗതികനേട്ടങ്ങൾ നൽകുന്ന താൽക്കാലിക സംതൃപ്തിയല്ല. എന്നും നിലനിൽക്കുന്ന സംതൃപ്തിയാണ്.

ഭൗതിക നേട്ടങ്ങളിൽ സംതൃപ്തി കണ്ടെത്തുന്നവർ, നേട്ടങ്ങളുടെ മതിൽ കെട്ടുകൾ ഉയർന്ന് അതിരിട്ടു നിൽക്കുന്ന ഇടുങ്ങിയ വഴിയിലൂടെ നടന്നു നീങ്ങുന്നവരാണ്. മതിൽകെട്ടിനുള്ളിൽ നിൽക്കുമ്പോൾ കിട്ടുന്ന വിശാലതയേ അവരുടെ കാഴ്ചപ്പാടിനുള്ളൂ. വിശാലമായ ലോകം കാണണമെങ്കിൽ ശിരസ്സു മതിൽകെട്ടിനു മുകളിൽ ഉയർന്നു നിൽക്കണം. അപ്പോൾ ചെന്നെത്താൻ ലക്ഷ്യമിടേണ്ട വിദൂരവും വിശാലവുമായ ലോകം കാണാം. എവിടെ നിൽക്കുന്നു എന്നതിനുപരി എവിടെവരെ എത്താം എന്നു കാണാൻ കഴിയണം. അദ്ധ്വാനിക്കാനും ധനം നേടാനും ഉള്ള അവസരം മാത്രമാണ് ജീവിതം എന്ന കാഴ്ചപ്പാടുമാറി, മഹത്തായത്-പൂർണ്ണമായത്-ലക്ഷ്യം വയ്ക്കാനും അടുത്തുചെല്ലാനും പ്രേരണ നൽകുന്ന ദിവ്യദർശനം ഓരോ വ്യക്തിയിലും ഉണ്ടാകുമ്പോൾ വ്യക്തികൾ സന്തുഷ്ടരാകും; ലോകം സന്തുഷ്ടമാകും. അപ്പോൾ യോവേൽ പ്രവാചകനേയും കടന്ന് യെശയ്യായോടൊപ്പം നമുക്കും ഈ ദർശനം പങ്കുവയ്ക്കാൻ കഴിയും. ''ചെന്നായ് കുഞ്ഞാടിനോടുകൂടെ പാർക്കും.... ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല'' (യെശയ്യ. 11:6-9).

കൾ എന്നിവയെല്ലാം സംബന്ധിച്ച ബോധവൽക്കരണവും പരിശീലനവും ഇടവകതോറും നടത്തണം. ഒപ്പം തന്നെ പരിസ്ഥിതി നാശത്തിന്റെ അപകടങ്ങളെക്കുറിച്ച് സഭാംഗങ്ങളെ ബോധ്യപ്പെടുത്തുകയും വേണം.

അത്യാവശ്യ ഘട്ടങ്ങളിൽ ജല സംഭരണത്തിനും, വിതരണത്തിനുമുള്ള ചെറുപദ്ധതികൾ ശ്രമദാനം വഴിയും മറ്റും അതാത് ഇടവക പ്രദേശങ്ങളിൽ നടപ്പാക്കാൻ ഇടവകകൾ സഹകരിക്കേണ്ടതാണ്. വരൾച്ചാക്കാലങ്ങളിൽ മഴയ്ക്കു വേണ്ടി പ്രാർത്ഥിക്കുക ശീലമാക്കണം. കാലാവസ്ഥാ പ്രവചനങ്ങൾ ഇതിനു തടസ്സമാകരുത്. സാധ്യതക്കുറവും അനിശ്ചിതത്വവും നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രാർത്ഥനയാണല്ലോ വിശ്വാസസമൂഹത്തിനു ശരണം.

**മരണാനന്തര ശുശ്രൂഷയുടെ അന്ത്യത്തോടടുത്ത് മൃതശരീരത്തിന്റെ മുഖം മൂടുന്ന പതിവുണ്ടല്ലോ? ആൺമക്കളോ, പുരുഷ ബന്ധുക്കളോ ആണ് ഇതു നിർവ്വഹിച്ചു കാണാറുള്ളത്. ഇക്കാര്യത്തിൽ പെൺമക്കളെ/സ്ത്രീകളെ ഒഴിവാക്കുന്നതെന്തിനാണ്? ഇത് വിവേചനമല്ലേ?**

ഒരു വിലക്കുമില്ല. തീർച്ചയായും പെൺമക്കളെക്കൂടി സഹകരിപ്പിച്ചാണ് ഈ കൃത്യം നിർവ്വഹിക്കേണ്ടത്. ആൺമക്കളില്ലാത്ത പക്ഷം പെൺമക്കൾക്ക് തനിയെ ഇതു ചെയ്യാവുന്നതാണ്. ആൺകോയ്മയുടെ സ്വാധീനമാണ് ഇക്കാര്യത്തിലും നടന്നു വരുന്നത്. സ്വന്തം അപ്പന്റെയോ അമ്മയുടെയോ മുഖശീല ഇടുന്നതിന് തങ്ങൾക്കു കൂടി അവകാശമുണ്ട് എന്ന് പെൺമക്കൾ മനസ്സിലാക്കിയാൽ മതി. അതിൽ നിന്ന് അവരെ വിലക്കാൻ സഭാധികാരികൾ ഉൾപ്പെടെ ആർക്കും അധികാരമില്ല.

**മാസമുറയുടെ സമയത്ത് സ്ത്രീകൾ പള്ളിയിൽ വരുന്നതിനും വി. കുർബ്ബാന സ്വീകരിക്കുന്നതിനും സഭാപരമായ വിലക്കുള്ളതായി ഒരു ചിന്ത ജനത്തിന് ഉണ്ട്. ഇതിന് എന്തെങ്കിലും സാധൂകരണമുണ്ടോ?**

മാസമുറ (menses) സ്ത്രീകളുടെ ഒരു ശാരീരിക പ്രതിഭാസമാണ്. വിയർപ്പ്, നിശ്വാസം, മലമൂത്രങ്ങളുടെ വിസർജ്ജനം എന്നിവ പോലെ ഒരു പുറംതള്ളൽ പ്രവർത്തനം (excretion). ഓരോ മാസവും സ്വാഭാവികമായി ഗർഭാശയത്തിൽ നിന്നുണ്ടാകുന്ന രക്തസ്രാവം. യുവതികളെ സംബന്ധിച്ചിടത്തോളം ഇത് ശരീരത്തിന്റെ ഒരു ശുദ്ധീകരണപ്രക്രിയയും ആരോഗ്യ ലക്ഷണവുമാണ്. സ്ത്രീകൾക്കു മാത്രമുള്ളതായതുകൊണ്ട് പുരുഷൻമാർ ഇതിന് അശുദ്ധിയുടെ പരിവേഷം ചാർത്തി നിയന്ത്രണം ഏർപ്പെടുത്തിയതാകാം. രക്തസ്രാവം ഉള്ള സ്ത്രീക്ക് കർത്താവിനെ തൊട്ട് രോഗവിമുക്തി പ്രാപിക്കാമെങ്കിൽ മാസമുറയുള്ള സ്ത്രീക്ക് കർത്തൃശരീരം ഭക്ഷിച്ച് പാപമമോചനം നേടുന്നതിന് എന്തു വിരോധം? മാത്രമല്ല, മാസമുറ ഒരു ശുദ്ധീകരണ പ്രക്രിയ കൂടിയാണെന്നോർക്കണം. അതായത് 'ശരീരത്തിന്റെ കുമ്പസാരം' എന്നു വേണമെങ്കിൽഅതിനെ വിളിക്കാം.

**കർത്തൃ ശിഷ്യന്മാർക്ക് മറ്റുമനുഷ്യരിൽ നിന്ന് വ്യത്യസ്തമായ വേഷവിധാനങ്ങളോ ആടയാഭരണങ്ങളോ ഉണ്ടായിരുന്നില്ല. പിന്നെ എന്തിനാണ് അവരുടെ പിൻഗാമികളായ പൗരോഹിത്യസ്ഥാനികൾ വസ്ത്രങ്ങൾ, ആഭരണങ്ങൾ മുതലായവ സ്ഥാനാനുസൃതമായി അണിയുന്നത്?**

ചോദ്യം ന്യായമാണ്. പൗരോഹിത്യസ്ഥാനികർക്ക് വിശേഷ വസ്ത്രങ്ങളും ആഭരണങ്ങളും ആവശ്യമില്ലാത്തതാണ്. ആദിമ ക്രിസ്തീയ സഭയിൽ അവ ഉണ്ടായിരുന്നുമില്ല. മതനേതാക്കൾ പ്രത്യേക വസ്ത്രങ്ങളും ആഭരണങ്ങളും അണിയുന്നതു വഴി ജനശ്രദ്ധയും ആദരവും നേടുന്നതിൽ എന്നും ശ്രദ്ധാലുക്കൾ ആയിരുന്നു. കർത്താവ് ഈ വേഷം കെട്ടലിനെ നിശിതമായി വിമർശിക്കുന്നുണ്ട്. എന്നാൽ മേൽപ്പറഞ്ഞ പ്രവണത ക്രിസ്തീയ സഭയിലും ക്രമേണ കടന്നുകൂടി. സ്ഥാനശ്രേണിയിലെ ഔന്നിത്യം അനുസരിച്ച് വസ്ത്രത്തിന്റെ നിറം, തൊങ്ങലുകൾ, ചിത്രപ്പണികൾ മാലയുടെ എണ്ണം മുതലായവയെല്ലാം വ്യത്യാസപ്പെടുന്നു. എന്നാൽ ഇവയൊന്നും പൗരോഹിത്യത്തിന്റെ അനിവാര്യതകളല്ല. പൗരോഹിത്യവസ്ത്ര സംസ്കാരം പാരമ്പര്യത്തിന്റെ ഭാഗമായി കണ്ടാൽ മതി. ക്രിസ്തീയ സ്ത്രീകൾ ചട്ട ധരിക്കുകയും ഞൊറിയിട്ടു മുണ്ടുടുക്കുകയും ചെയ്യുന്നതുപോലെ അതിനെ കാണുവാൻ ശ്രമിക്കുക. പൗരോഹിത്യത്തിന്റെ വിലയിടിയുമ്പോൾ ഏതുവിധേനയെങ്കിലും മനുഷ്യരുടെ ശ്രദ്ധയും അംഗീകാരവും നേടിയെടുക്കണമല്ലോ. വേഷ, രൂപ, ഭാവാദികളോട് മനുഷ്യന് സ്വാഭാവികമായ കമ്പമുണ്ടല്ലോ. അതു നേടുന്നതിനുള്ള എളുപ്പവഴിയായി ഇതിനെ മനസ്സിലാക്കിയാൽ മതി. പൊതുജനമധ്യത്തിലെങ്കിലും അന്തസ്സായി പെരുമാറാൻ പൗരോഹിത്യ വേഷം ധരിച്ചാൽ കുറെപ്പേരൊക്കെ ശ്രദ്ധിക്കും എന്ന പോസിറ്റീവ് വശം ഇതിനുണ്ട് എന്ന കാര്യം വിസ്മരിക്കുന്നില്ല. എന്നിട്ടും പുരോഹിത വേഷമിട്ട് പൊലീസിനെ കല്ലെറിയുകയും പള്ളിയുടെ ഓടിളക്കി അകത്തു കടന്ന് കുർബ്ബാന ചൊല്ലുകയും പൊലീസ് ബാരിക്കേഡിൽ തല തള്ളിക്കടത്തി ആത്മഹത്യാ ശ്രമം അഭിനയിക്കുകയുമെല്ലാം ചെയ്യുന്നത് മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സാഹചര്യത്തിൽ മാനമര്യാദകളോടെ ജീവിക്കുന്നവർക്ക് കുപ്പായം അപമാനമുണ്ടാക്കുന്നുമുണ്ട്. ഏതായാലും പൗരോഹിത്യവും വേഷവുമായി യാതൊരു അടിസ്ഥാന ബന്ധവുമില്ല.

**'പാതകനാം റൂബേലിന് ജീവൻ മോശ മൃഗബലിയാൽ' ......... എന്ന ഗീതം കുർബ്ബാനാന്തര ശുശ്രൂഷയിൽ നാം ചൊല്ലുന്നുണ്ടല്ലോ.**

**ആരാണീ റൂബേൽ? അയാൾ എന്തു പാതകമാണ് ചെയ്തത്? അയാളുടെ ജീവൻ രക്ഷിക്കാൻ മോശ എന്തു ചെയ്തു?**

'റൂബേൽ' എന്നത് ഗോത്രപിതാവായ രൂബേൻ തന്നെ. യാക്കോബിന്റെ ആദ്യജാതൻ. അയാൾ തന്റെ പിതാവിന്റെ സഹഭാര്യയായ ബിൽഗാറുമായി ലൈംഗികവേഴ്ച നടത്തി (ഉല്പ. 35:22). അതിനാൽ അവന് ഗുണം വരില്ല എന്ന് അപ്പൻ അവനു ശാപം കൊടുത്തു (ഉല്പ. 49:46). അവന്റെ പാപം നിമിത്തം ആ ഗോത്രത്തിന് ഉയർച്ചയുണ്ടായില്ല. അതുകൊണ്ട് മോശ ആ ഗോത്രത്തിനു വേണ്ടി പ്രാർത്ഥിക്കുന്നു (ആവർത്തനം 33:7). എന്നാൽ മൃഗബലി നടത്തിയതായി പഴയ നിയമത്തിലെ കാനോനിക ഗ്രന്ഥങ്ങളിലൊന്നും കാണുന്നില്ല.

**വി. കുർബ്ബാനയിൽ നാം പുളിപ്പുള്ള അപ്പം ഉപയോഗിക്കുന്നു. എന്നാൽ കത്തോലിക്കാ സഭ പുളിപ്പില്ലാത്ത അപ്പമാണ് ഉപയോഗിക്കുന്നത്. ഇതിൽ ഏതാണ് ശരി?**

ഇതു രണ്ടും പുതിയ നിയമത്തിലെ അവതരണ അടിസ്ഥാനത്തിലുള്ള പാരമ്പര്യങ്ങളാണ്. സമവീക്ഷണ സുവിശേഷങ്ങളിൽ കാണുന്നതുപോലെ കർത്താവ് പെസഹാ ഭക്ഷണമാണ് കുർബ്ബാന സ്ഥാപനത്തിന് ഉപയോഗിച്ചതെങ്കിൽ അതു പുളിപ്പില്ലാത്ത അപ്പമായിരുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്ന പ്രകാരം കർത്താവിന്റെ അന്ത്യ അത്താഴം പെസഹായ്ക്ക് മുമ്പായിരുന്നു. അങ്ങനെയെങ്കിൽ ഉപയോഗിച്ചത് പുളിപ്പുള്ള അപ്പമാകുവാനാണ് വഴി. ഏതായാലും രണ്ടു പാരമ്പര്യങ്ങൾക്കും തിരുവചനാടിസ്ഥാനമുണ്ട്. എല്ലാ പൗരസ്ത്യ സഭകളും പുളിപ്പുള്ള അപ്പമല്ല കുർബ്ബാനയ്ക്കു ഉപയോഗിക്കുന്നത്. അർമ്മീനയൻ ഓർത്തഡോക്സ് സഭ മാത്രം പുളിപ്പില്ലാത്ത അപ്പമാണ് ഉപയോഗിക്കുന്നത്. സുറിയാനിസഭ പുളിപ്പുള്ള അപ്പവും (leavened bread) വീഞ്ഞും (fermented wine) ഉപയോഗിക്കുന്നു. കാരണം രണ്ടും ജീവന്റെ പ്രതീകങ്ങളാണ്. പുളിപ്പില്ലാത്ത അപ്പത്തിലും മുന്തിരിച്ചാറിലും ജീവന്റെ സാന്നിദ്ധ്യമില്ല. എന്നാൽ അപ്പം പുളിപ്പുള്ളതോ ഇല്ലാത്തതോ എന്നത് സാരമായ കാര്യമല്ല.

**വി. കുർബ്ബാന വൈകുന്നേരം അനുഷ്ഠിക്കുന്നതിൽ സഭാപരമായി എന്തെങ്കിലും തടസ്സമുണ്ടോ? എന്തുകൊണ്ടാണ് രാവിലെ മാത്രമേ ആകാവു എന്ന് നിഷ്കർഷിക്കുന്നത്?**

വേദപുസ്തക ചരിത്ര അവബോധം കുറവായതുകൊണ്ടു വന്ന പ്രശ്നമാണിത്. കർത്താവ് കുർബ്ബാന സ്ഥാപിച്ചതു തന്നെ സന്ധ്യാസമയത്തായിരുന്നു. ഇന്ന് അനുഷ്ഠിക്കപ്പെടുന്ന കുർബ്ബാനയുടെ അടിസ്ഥാനവും മാതൃകയും അതു തന്നെയാണ്. പിന്നെ എന്താണ് വൈകുന്നേരം വി. ബലി അർപ്പിക്കുന്നതിന് തടസ്സം? സമയമല്ല പ്രധാനം വിശ്വാസിയുടെ ആവശ്യത്തിനു വേണ്ടിയും കർത്താവിന്റെ നിർദ്ദേശ പ്രകാരവുമാണ് അത് അർപ്പിക്കപ്പെടുന്നത് എന്ന ഉറപ്പാണ് സഭാംഗങ്ങൾക്ക് ഉണ്ടാകേണ്ടത്. അതുകൊണ്ടാണ് കത്തോലിക്കാ സഭ ഒന്നിലധികം പ്രാവശ്യം ഒരേദിവസം കുർബ്ബാന അനുഷ്ഠിക്കാൻ ഒരച്ചന് അനുമതി നൽകിയിരിക്കുന്നതും. സഭാ ശുശ്രൂഷാനുഷ്ഠാനം വിശ്വാസികളുടെ ആവശ്യങ്ങളെ പരിഗണിച്ചല്ലായെങ്കിൽ സഭാനേതൃത്വം ജനങ്ങളിൽ നിന്ന് അകന്നുപോകും.


**SANTHULA TRUST HOSPITAL**



**Vadakara, Koothattukulam**
**Ph: 0485-2250745, 9447575091**

*A Clinical and Research Centre of Neuro - Behavioural Science*

**OUR SERVICES:**

- Counselling Centre
- Child and Adolescent Guidance Clinic
- Marital Therapy Centre
- Mental Health Hospital
- De-addiction Clinic with AA Groups
- Geriatric Care Centre and 'Pakal Veedu'
- Rehabilitation Unit
- Learning Disability Clinic
- Resource Centre for Community sensitization and health education
- Psychiatric Training Centre for students- nursing, psychology and psychiatric social work.

**OUR FACILITIES:**

- Regular OPD form 8.30 a.m. to 4 p.m. on Monday to Friday and upto 1 p.m. only, on Saturdays.
- 24 hr. psychiatric emergency-service
- 150-bedded in-patient residential facility comprising of hygienic, well ventilated general wards, single and double rooms (with and without A/C)

*Articles*

# South Sudan: Challenges and Opportunities

**Dr. K. M. George**

South Sudan became independent in 2011 from Sudan after waging two wars (1956 to 1972& 1983 to 2005) with referendum done under the supervision of the United Nations. To begin with, there were 10 states in South Sudan. Now there are 28. It is larger than Sudan in geographical area and has an estimated population of 11 millions. The states are subdivided in to Counties and Payam and Boma.

Traditional justice is the order of the day in most of the areas as modern government machinery is unheard of in rural areas.

The internal conflict of Dec 2013 was a big blow to the good governance of the country as it was more of ethnic nature resulting in the fleeing or killing of thousands of the citizens. Thus the clock of development was put backward and many of the development interventions were put in the back burner decelerating the economic growth potential. Many units of production were shut down for good or shifted to safer countries resulting in job losses.

There are many tribes. The most dominant are Dinkas and Nour. But majority are Dinkas. Other tribes are many spread all over the country. One important feature of the tribes is that most of them are polygamists with as many as seven to 10 wives.

The average life expectancy in the rural areas is said to be 70 plus, despite poor medical facilities and rampancy of poverty and illiteracy. Infrastructure facilities if something to mention are only confined to Juba the national capital of South Sudan. Main roads are tarred only in Juba and that too some extent only not exceeding 20km. UN establishment s are fully secured and all diplomatic missions too.

Hospitals are a kind of apology for health services. There are a few universities. But schools and colleges are coming with new avenues of empowerment offering new hope to the lost millions due to long waged wars.

Air port is a kind of touchdown place for air craft. After alighting from air craft, one is required to walk in the rain or sun for five to ten minutes to reach immigration where one is harassed for bribes despite having visa etc. Here begins the rude shock of the country with poor roads and crazy traffic. It seems the independent country was trying to build a national capital air port without much success. Now it is said that with Chinese help the air port may become a dream realised within five years if further internal upheavals do not hamper it. It is a very volatile place and can have any kind skirmishes at any time. Even the creation of 28 states in December 2015 from the existed 10 was a matter of political troubles. Peace negation teams from neighbouring countries are in and out to settle many a dispute.

Security threat map shows the capital city is in level IV needing night curfew dusk to dawn. The rich oil drilling area is situated in the northern region and its pipe lines pass through Sudan and they charge their fees as agreed up on in the peace agreement. As world oil prices are declining, the oil revenue earnings of South Sudan is affected badly too. 98 per cent of the GDP is accounted by oil alone.

Another sector which contributes to national economy is agriculture. Here food crops and cattle constitute a major portion. It is a landlocked country. Only lakes and River Nile make good source of fishing. Juba is on the bank of the Nile and it is a very fertile area for cultivation to make quick money for this starving country. Much of the vegetables and other food items come to the country from Uganda, Kenya and Tanzania. The dry weather is good for growing all kinds of exotic food crops and vegetables. People are to be trained and motivated by the ministry of Agriculture and FAO to make them sustainable as per the SDGs of the UN.

There are many Ugandans here seeking work and running small businesses like Ethiopians ,Eritreans, Kenyans and Indians. Some are good entrepreneurs. They provide employment to many locals and augment the process of development.

Crime-rate is increasing; may be due to illiteracy and unemployment. Bribery is very much everywhere. It is an accepted way of life. Government staff are paid very poor. There is difference in the salary scales of centre and state government employees. A state government employee is paid USD equal of 30 it is just enough

for him to buy a bag of cooking charcoal. Prices of day to day items are sky rocketing .With average family size of 8 to 10 people how would they manage to survive and send children to schools is the biggest challenge. The answer is simple beg, borrow, or steal or take bribe for everything.

Inflation is on its way up. Recently the currency was devalued. The currency is known as South Sudan Pound (SSP). In July 2011 one USD was equal to 2.00 SSP. Over a period of time it was officially at 2.96 and unofficially 19.20. But by this devaluation in Dec 2015 it is equal to 18.5 pounds with provisions of floating mechanism in place. Inflation has made life miserable for the locals in terms of purchasing power.

A cursory look in the market shows the real picture as alarming. One kg of rice costs pound 25; sugar 20; tomato 30; potato 20; carrot 40 ;corn flour 80; cassava 25; sweet potato 25; fish tilapia 75; chicken 80; beef 110; one hair cut 20; lemon one kg 40; minimum bus fare 5; petrol 22 a litre; one ripened banana 5 ,cucumber 30,Cauli flower 25, pineapple 30, green pepper 70, spring onion 30, garlic 150,French beans 40, cabbage 25 per number.

Two major health hazards are malaria and typhoid. They are very rampant during the rainy season. The situatuion really makes people suffer much in an otherwise poverty stricken country.

The Way Forward:

- Political will is the first prerequisite for this country to move forward. They must get united above ethnic lines and narrow and parochial considerations with national pride as it is being successfully done in Rwanda, again another east African nation under its dynamic leadership with indomitable political will.
- For nation building reconciliation based on truth and sagacity coupled with love for fellow human beings must be the North Star and the creed for all leaders. Leaders must learn from the famous Gettysburg speech of Abraham Lincoln. Kennedy said, "Do not ask what the nation has done for you but ask what you can do for the nation building."
- Inclusive growth strategy must be in place with a vision 2030 for South Sudan. Bottom up and top down planning process must be initiated without loss of time.
- People's participation must be assured in any development efforts as they are the final stakeholders.
- One must bid farewell to the trickledown theory of economic development and embrace a culture of include and prosper while realising the paradigm development practised erstwhile namely amass and amass that Moses and prophets as observed by Carl Max.
- Corruption is a national curse and cancer which will ultimately kill the progress of the nation and bring about untold miseries to millions of its population.
- With the help of international community and UN agencies translate the MDGs and now SDGs of the UN realistically for South Sudan with forward and backward linkages to usher in prosperity to its millions by 2030.
- Education is the starting point. During the wars many generations lost the gift to be empowered. But posterity must not be stolen of this right to educate and empower.
- As 98 per cent of the national revenue is accounted by oil, efforts are needed to think of value addition like oil refining within the country with distributive justice.
- Agriculture must be accorded top priority in plan outlays and in training framers with new methods of farming with value addition. A fully revamped agriculture sector is the need and challenge of this country. The fertile Nile delta to be profitably made use of. Millions of pound going to other countries for importing food items can be saved for other priorities of nation building.
- National pride must come in the form of good infrastructure including all weather roads, health facilities even in rural areas, a flag ship type air port, drinking water ,etc. One should look at Rwanda as a possible model to be followed here too. In fact basic needs of food, shelter, and clothing must be considered non negotiable rights of the citizens.
- In soviet Russia Joseph Stalin said to begin with,"Soviets plus electricity means economic development". " Soviets plus roads means development" "Soviets plus irrigation and modern agriculture mean economic well being for its farmers." We need to learn many things from others to move faster to deliver as per SDGs of the UN by 2030. Why to waste time to reinvent the wheel?

*The author is a former FAO Team leader UNDP Consultant in Juba; Email: melmana@gmail.com*

ലേഖനം

# മിശ്രവിവാഹം-ഓർത്തഡോക്സ് നിലപാട്

ഫാ. പി.എ. ഫിലപ്പ്

മിശ്രവിവാഹം എന്ന പദം സാധാരണയായി ഉപയോഗിക്കുന്നത് വ്യത്യസ്തങ്ങളായ മതവിശ്വാസ പാരമ്പര്യങ്ങളിൽ ജനിച്ചു വളർന്ന പുരുഷനും സ്ത്രീയും വിവാഹബന്ധത്തിൽ വരുന്നതിനെയാണ്. മിശ്രവിവാഹത്തിൽ അധികപങ്കും ഭർത്താവ് അയാളുടെയും ഭാര്യ അവരുടെയും വിശ്വാസം വിവാഹശേഷവും പിന്തുടരുന്ന രീതിയാണ് കാണുന്നത്. ചുരുക്കം ചിലരുടെ കാര്യത്തിൽ ഏതെങ്കിലും ഒരാളുടെ വിശ്വാസം മറ്റേയാൾ സ്വീകരിക്കുന്ന രീതിയും കാണാം. വിശ്വാസത്തിന്റേയും മതത്തിന്റേയും സ്വാധീനം വളരെ വേഗം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ഈ വിഷയം സംബന്ധിച്ചും ചർച്ചയും പഠനവും ആവശ്യമാണ്.

ഓർത്തഡോക്സ് വിശ്വാസത്തിൽ വളർന്ന പെൺകുട്ടിക്കോ ആൺകുട്ടിക്കോ അന്യമതത്തിൽ നിന്ന്/അന്യവിശ്വാസത്തിൽ നിന്ന് ഒരു ജീവിതപങ്കാളിയെ സ്വീകരിക്കാനാവുമോ? അതിന് സഭ അംഗീകാരം നൽകുമോ?

ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തുന്നതിനുമുമ്പ് ചില ചോദ്യങ്ങൾ നാം നമ്മോടുതന്നെ ചോദിക്കണം. വിവാഹം എന്നാൽ എന്താണ്? കേവലം സെക്കുലർ ആയിരിക്കുന്ന ഒരു സംവിധാനമാണോ അത്? നൈയാമികമായ നിർവചനങ്ങൾക്കുള്ളിൽ പരിമിതപ്പെടുത്താവുന്നതാണോ വിവാഹബന്ധം? ഓർത്തഡോക്സ് വിശ്വാസത്തിൽ വിവാഹമെന്നത് ഒരു നിയമപരമായ ബന്ധത്തിലുപരി ഒരു കൗദാശിക ബന്ധമാണ്. അതുകൊണ്ടാണ് നിയമപരമായി രജിസ്റ്റർ വിവാഹം കഴിക്കുന്നവരെ ദമ്പതികളായി സഭ അംഗീകരിക്കാത്തത്. സർക്കാർ രേഖകളിൽ വിവാഹിതരാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സഭാരേഖകളിൽ അവർ അവിവാഹിതർ തന്നെയായിരിക്കും.

വിവാഹം ഒരു കൂദാശയാണെന്ന പ്രാഥമികതത്വം അംഗീകരിക്കുമ്പോൾ ഉദിക്കുന്ന മറ്റൊരു ചോദ്യമുണ്ട്. ഈ കൂദാശ ആർക്കാണ് നൽകുന്നത്? സഭയിലെ എല്ലാ കൂദാശകളും വിശ്വാസികൾക്ക് മാത്രമുള്ളതാണ്. അവിശ്വാസികൾക്ക് കൂദാശാസംബന്ധം സഭ ഒരിക്കലും അനുവദിക്കുന്നില്ല. ആയതിനാൽ വിവാഹകൂദാശ സ്വീകരിക്കുന്ന മണവാളനും മണവാട്ടിയും സഭാവിശ്വാസികൾ ആയിരിക്കണമെന്നുള്ളത് ഏറ്റവും അടിസ്ഥാനപരമായ കാര്യമാണ്.

ഇതര മതത്തിൽ പെട്ടവർ തമ്മിൽ വിവാഹിതരാകുമ്പോൾ മാത്രമല്ല, ഇതര ക്രൈസ്തവ വിശ്വാസത്തിൽ പെട്ടവരാണെങ്കിൽ പോലും (ഉദാ: പ്രൊട്ടസ്റ്റന്റ്, കത്തോലിക്കാ, പെന്തക്കൊസ്ത് വിഭാഗങ്ങൾ) ഓർത്തഡോക്സ് സഭയിൽ വിവാഹിതരാകണമെങ്കിൽ വരനും വധുവും ഓർത്തഡോക്സ് വിശ്വാസം സ്വീകരിച്ചിരിക്കണം. ആധുനിക ലോകത്ത് പ്രണയവിവാഹങ്ങൾ ധാരാളം നടക്കുന്നുണ്ട്. പ്രണയം ചിലപ്പോഴൊക്കെ സഭയുടെ വരമ്പുകൾക്ക് അപ്പുറത്തേക്കും നീളാറുണ്ട്. ഇങ്ങനെയുള്ളവർക്ക് ഈ സഭയിൽ വിവാഹം നടത്തണമെങ്കിൽ ജീവിതപങ്കാളിയും ഓർത്തഡോക്സ് വിശ്വാസം സ്വീകരിച്ചിരിക്കണം. ശരീരം, മനസ്സ്, ആത്മാവ് ഇവയുടെ സമ്പൂർണ്ണമായ കൂടിച്ചേരൽ വിവാഹജീവിതത്തിൽ ഉണ്ടാവേണ്ടതുകൊണ്ട് ഒരേ വിശ്വാസം എന്നതും ഒരു അനുപേക്ഷണീയ ഘടകമാണ്.

മിശ്രവിവാഹം വചനാനുസരണമോ എന്നും നാം ചിന്തിക്കണം. ജ്ഞാനികളിൽ ജ്ഞാനിയായിരുന്ന ശലോമോനിൽ നിന്ന് ദൈവം ഐശ്വര്യവും പ്രതാപവും എടുത്തുമാറ്റി. എന്താണ് കാരണം? അവൻ അന്യമത സ്ത്രീകളെ ഭാര്യമാരായി സ്വീകരിച്ചു എന്നതാണ്.

1 രാജാ. 11: 11–12 "യഹോവ അവനോടു കോപിച്ചു. യഹോവ ശലോമോനോട് അരുളിച്ചെയ്തത് എന്തെന്നാൽ എന്റെ നിയമവും ഞാൻ നിന്നോടു കല്പിച്ച കല്പനകളും നീ പ്രമാണിച്ചില്ല എന്നുള്ള സംഗതി നിന്റെ പേരിൽ ഇരിക്കകൊണ്ട് ഞാൻ രാജത്വം നിങ്കൽ നിന്ന് നിശ്ചയമായി പറിച്ച് നിന്റെ ദാസനു കൊടുക്കും. എങ്കിലും നിന്റെ അപ്പനായ ദാവീദു നിമിത്തം ഞാൻ നിന്റെ ജീവിതകാലത്ത് അത് ചെയ്യുകയില്ല. എന്നാൽ നിന്റെ മകന്റെ കൈയിൽ നിന്ന് അതിനെ പറിച്ചു കളയും."

1 രാജാ 11: 1–3. "ശലോമോൻ രാജാവ് ഫറവോന്റെ മകളേയും എദോമ്യർ, സീദോന്യർ, ഹിത്യർ എന്നിങ്ങനെ അന്യജാതിക്കാരികളായ അനേക സ്ത്രീകളേയും സ്നേഹിച്ചു. അവന് 700 കുലീന പത്നികളും 300 വെപ്പാട്ടികളും ഉണ്ടായിരുന്നു. അവന്റെ ഭാര്യമാർ അവന്റെ ഹൃദയത്തെ വശീകരിച്ചു കളഞ്ഞു. എങ്ങനെയെന്നാൽ: ശലോമോൻ വയോധികനായപ്പോൾ ഭാര്യമാർ അവന്റെ ഹൃദയത്തെ അന്യദേവന്മാരിലേക്ക് വശീകരിച്ചു. അവന്റെ ഹൃദയം അവന്റെ അപ്പനായ ദാവീദിന്റെ ഹൃദയം പോലെ തന്റെ ദൈവമായ യഹോവയിങ്കൽ ഏകാഗ്രമായിരുന്നില്ല."

അന്യഗോത്രങ്ങളിൽ നിന്നും ജാതിയിൽ നിന്നും യുദ്ധത്തിൽ കീഴ

ടക്കിയ രാജ്യങ്ങളിലെ രാജകുമാരിമാരെ ശലോമോൻ വിവാഹം ചെയ്തിരുന്നു.

പുറ. 34: 15-16. "ആ ദേശത്തിലെ നിവാസികളോട് ഉടമ്പടി ചെയ്യുകയും അവരുടെ ദേവന്മാരോട് പരസംഗം ചെയ്ത് അവരുടെ ദേവന്മാർക്ക് ബലികഴിക്കുമ്പോൾ നിന്നെ വിളിക്കുകയും നീ ചെന്ന് അവരുടെ ബലികൾ തിന്നുകയും അവരുടെ പുത്രിമാരിൽ നിന്ന് നിന്റെ പുത്രന്മാർക്ക് ഭാര്യമാരെ എടുക്കുകയും അവരുടെ പുത്രിമാർ തങ്ങളുടെ ദേവന്മാരോട് പരസംഗം ചെയ്യുമ്പോൾ നിന്റെ പുത്രന്മാരെക്കൊണ്ട് അവരുടെ ദേവന്മാരോട് പരസംഗം ചെയ്യിക്കുകയും ചെയ്യുവാൻ ഇടവരുത്തരുത്."

ദൈവം വിലക്കിയിട്ടുള്ള ഇത്തരം ദുഷിച്ച പ്രവൃത്തികൾ ശലോമോന് അത്ര ചീത്തയായിത്തോന്നിയില്ല. ഫലമോ? വംശം ദുർബലമായി തകർന്നു. ശലോമോന്റെ കാലശേഷം 10 വർഷത്തിനുള്ളിൽ അഞ്ചുപിൻഗാമികളുടെ തല അറുക്കപ്പെട്ടു.

ചിലർ പറയാറുണ്ട്. എല്ലാവരും ദൈവത്തിന്റെ മക്കളല്ലേ? ആരെ കെട്ടിയാലെന്താ? മനഃപൊരുത്തമല്ലേ പ്രധാനം? എന്നെ ആരും ഉപദേശിക്കേണ്ട എന്നൊക്കെ. നമുക്ക് ശരിയെന്നു തോന്നുന്നതെല്ലാം ശരിയാകണമെന്നില്ല. നമ്മുടെ ബുദ്ധിയും യുക്തിയും നമ്മെ നേർവഴിക്ക് നയിച്ചു എന്നും വരില്ല. മിശ്രവിവാഹം ദൈവത്തിന്റെ ക്രമീകരണമല്ല. ദൈവവചവം അതിന് കൂട്ടുനിൽക്കില്ല. സഭയുടെ പ്രബോധനങ്ങൾ അവഗണിക്കരുത്.

മിശ്രവിവാഹത്തിന് തയ്യാറെടുത്തവരെ വിയോജിപ്പിച്ച് വേറെ വിവാഹം നടത്തി അതും പരാജയപ്പെട്ടാലോ?

വിവാഹം, ജീവിവപങ്കാളി, കുടുംബം ഇതൊക്കെ ദൈവീകപദ്ധതി പ്രകാരമുള്ളതാണെന്ന് മനസ്സിലാക്കണം. ദൈവവിഹ പ്രകാരം ഒരു വിവാഹം നടത്തി ആ ബന്ധത്തിൽ കഷ്ടതയാണെങ്കിൽ അത് ഏറ്റെടുക്കണം. ആ വിവാഹം മൂലം ഒരാളുടെ വിശുദ്ധീകരണമായിരിക്കാം ദൈവം ആഗ്രഹിക്കുന്നത്.

വേറേ ചിലരുടെ സംശയം ഈ വിവാഹം കഴിച്ചുകൊള്ളാമെന്ന് വാക്കുകൊടുത്തിട്ട് പിന്നീട് വാക്കുമാറുന്നത് വഞ്ചനയല്ലേ? ശാപമുണ്ടാവില്ലേ?

ഇല്ല. വിവാഹം, പട്ടത്വം തുടങ്ങിയ കൂദാശകൾ ഒരു വ്യക്തിയുടെ നിത്യതവരെ നീളുന്ന ഉടമ്പടിയായതിനാൽ ഈ കൂദാശകൾ സ്വീകരിക്കുന്നതിന് തൊട്ടുമുമ്പുവരെ പിന്മാറാനുള്ള അവകാശമുണ്ട്.

മറ്റുചിലർ ചോദിച്ചേക്കാം, നല്ല സ്വഭാവമാണ്. മദ്യപിക്കുകയില്ല, പുകവലിയില്ല, ചീട്ടുകളിയില്ല, ദുർവ്യത്തനല്ല, നല്ല തങ്കപ്പെട്ട സ്വഭാവമാണ്, നല്ല വിദ്യാഭ്യാസമുണ്ട്, ജോലിയുണ്ട്, മതം മാത്രം നമ്മുടേതല്ല. ഈ ബന്ധത്തിൽ തുടരാമോ? വിവാഹിതരാകാമോ എന്ന്?

ജോലിയും പണവും സ്വഭാവവും ആരോഗ്യവും മാത്രമല്ല, ക്രിസ്തീയ വിവാഹത്തിൽ അടിസ്ഥാനമാക്കേണ്ടത്. യേശുക്രിസ്തുവുമായുള്ള ബന്ധം പരമപ്രധാനമാണ്. ഒരു വിവാഹബന്ധത്തിലൂടെ യേശുക്രിസ്തുവുമായുള്ള ബന്ധം വിഛേദിക്കരുത്. കാരണം, നാം ഉടമ്പടിയുടെ മക്കളാണ് ദൈവവുമായുള്ള ഉടമ്പടിയെ ലംഘിക്കുന്ന യാതൊന്നും നാം ചെയ്യരുത്.

2 കൊരി. 6:14-15. നിങ്ങൾ അവിശ്വാസികളോട് ഇണയില്ലാപ്പിണ കൂടരുത്. നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തൊരു ചേർച്ച? വെളിച്ചത്തിന് ഇരുളോട് എന്തു കൂട്ടായ്മ? ക്രിസ്തുവിനും ബെലിയാലിനും തമ്മിൽ എന്തുപൊരുത്തം? അല്ല. വിശ്വാസിക്ക് അവിശ്വാസിയുമായി എന്ത് ഓഹരി? ദേവാലയത്തിന് വിഗ്രഹങ്ങളോട് എന്ത് യോജിപ്പ്? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലേ?

## അദ്ധ്യാപക ക്യാമ്പ് നടന്നു

കൂത്താട്ടുകുളം: സന്തുല ട്രസ്റ്റ് ആശുപത്രിയിൽ മെയ് 24, 25, 26 തീയതികളിൽ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ 'പഠനവൈകല്യം' എന്ന വിഷയത്തിൽ പഠനശിബിരം നടത്തുകയുണ്ടായി. സ്കൂൾ അധ്യാപകർക്കും മാതാപിതാക്കൾക്കും വേണ്ടി നടത്തിയ ശിബിരത്തിൽ ഇരുപത്തിയഞ്ചോളംപേർ പങ്കെടുത്തു. കൂത്താട്ടുകുളം നഗരസഭ ചെയർപേഴ്സൺ ശ്രീ. പ്രിൻസ് പോൾ ജോൺ ഉദ്ഘാടനം നിർവ്വഹിച്ചു. ശിബിരത്തിൽ പഠനവൈകല്യം, അതുമായി ബന്ധപ്പെട്ട മറ്റു രോഗങ്ങൾ, നിയമപരമായ മുൻകരുതലുകൾ, പഠനവൈകല്യ നിർണ്ണയ, നിവാരണ രീതികൾ എന്നീ വിഷയങ്ങളെക്കുറിച്ച് പ്രമുഖർ സംസാരിച്ചു. മൂന്നുദിവസം നീണ്ട ക്യാമ്പിനൊടുവിൽ ചേർന്ന സമ്മേളനത്തിൽ കണ്ടനാട് ഈസ്റ്റ് ഭദ്രാസനാധിപൻ അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത ക്യാമ്പിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം നടത്തുകയും ആശംസകൾ നേരുകയും ചെയ്തു.

## അറിയിപ്പ്

ഒരു വർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | |
|---|---|
| 1 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. |
| വിദേശത്ത് | - 6000 രൂ. (100 ഡോളർ) |

RNI No. KERMAL/2012/46014
Reg. No. KL/ALU/0067/2016-2018

Date of Publication 15-06-2016
Price Rs. 10/-

Licence No. KL/CR/ALU/WPP-04/2016-18
Licensed to Post Without Pre-payment



## ജന്മദിന, ആശുപത്രിദിന ആഘോഷങ്ങൾ

കൂത്താട്ടുകുളം: വടകരയിലുള്ള സന്തുല ട്രസ്റ്റ് ഹോസ്പിറ്റലിന്റെ ആശുപത്രിദിനവും ആശുപത്രി സ്ഥാപകനും രക്ഷാധിരാരിയുമായ അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തയുടെ ജന്മദിനവും ഒരുമിച്ച് 2016 ജൂൺ 28-ാം തീയതി ചൊവ്വാഴ്ച ആഘോഷിക്കുന്നു. അന്നു വൈകുന്നേരം 4 ന് സന്തുല ഓഡിറ്റോറിയത്തിൽ ചേരുന്ന പൊതുസമ്മേളനത്തിൽ അഭി. തിരുമേനി അദ്ധ്യക്ഷത വഹിക്കും.

പ്രസ്തുത സമ്മേളനത്തോടനുബന്ധിച്ച്, ആശുപത്രിക്കുവേണ്ടി പുതുതായി പണിതിട്ടുള്ള അഞ്ചുനില ബ്ലോക്കിന്റെ മൂന്നാം നിലയിൽ ആരംഭിക്കുന്ന ജെറിയാട്രിക് വാർഡിന്റെ ഉദ്ഘാടനവും നിർവ്വഹിക്കപ്പെടുന്നതാണ്.

ആഘോഷങ്ങളിലെ മുഖ്യാതിഥി കേരളാ ഇൻഡസ്ട്രീസ് പ്രിൻസിപ്പൽ സെക്രട്ടറി പി.എച്ച്. കുര്യൻ ഐ.എ.എസ്. ആയിരിക്കും. അദ്ദേഹം പുതിയ വാർഡിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും ഹോസ്പിറ്റൽ ദിന സന്ദേശം നൽകുകയും ചെയ്യും.

കോലഞ്ചേരി മെഡിക്കൽ കോളജ് സെക്രട്ടറി ജോയ് പി. ജേക്കബ്, കൂത്താട്ടുകുളം മുനിസിപ്പൽ ചെയർമാൻ പ്രിൻസ് ജോൺ പോൾ, ഡെപ്യൂട്ടി ചെയർപേഴ്സൺ ഓമന ബേബി എന്നിവർ അതിഥികളായി യോഗത്തിൽ പങ്കെടുക്കുകയും ആശംസകൾ നേരുകയും ചെയ്യും.

യോഗത്തിൽ ആശുപത്രി സ്റ്റാഫ് അംഗങ്ങളുടെ വിവിധ കലാപരിപാടികൾ അവതരിപ്പിക്കപ്പെടും. അവർക്കുവേണ്ടി നടത്തപ്പെടുന്ന മത്സരങ്ങളിലെ വിജയികൾക്കും വിശിഷ്ട സേവനം കാഴ്ചവച്ച ജീവനക്കാർക്കുമുള്ള ഉപഹാരങ്ങൾ അഭി. തിരുമേനി വിതരണം ചെയ്യും.

## ശുശ്രൂഷക സംഘം വാർഷികം നടന്നു

കണ്ടനാട് (E) ഭദ്രാസന ശുശ്രൂഷകസംഘത്തിന്റെ വാർഷിക സമ്മേളനം മെയ് 14 ശനിയാഴ്ച പാങ്കോട് സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ വച്ചു നടന്നു. ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത സമ്മേളനം ഉദ്ഘാടനം ചെയ്തു. റവ. ഫാ. ഏലിയാസ് കുറ്റിപറിച്ചേൽ, റവ. ഫാ. ജോൺ വി. ജോൺ എന്നിവർ ക്ലാസ്സുകൾ നയിച്ചു. റവ. ഫാ. ജെറി ജോൺ മാത്യു ഗാനപരിശീലനം നൽകി. ഉച്ചകഴിഞ്ഞു നടന്ന ആരാധനാഗാന മത്സരത്തിന് കെ.വൈ. ബിജു നേതൃത്വം നൽകി. വൈസ് പ്രസിഡന്റ് റവ. ഫാ. ഗീവർഗീസ് പതപ്പിള്ളിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പാങ്കോട് പള്ളി വികാരി റവ. ഫാ. ജെറി ജോൺ മാത്യു സ്വാഗതവും സെക്രട്ടറി കെ.പി. ബിജു കൃതജ്ഞതയും അർപ്പിച്ചു. അഭി. തിരുമേനി വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു. കെ.സി. എബ്രാഹാം, ജേക്കബ് എബ്രാഹാം, എൽദോ എബ്രഹാം, എൽദോ എൻ ജോസഫ്, ട്രസ്റ്റി എൽദോ വർഗീസ്, എം.കെ. രാജു, സെക്രട്ടറി ജോർജ്ജ് മാമ്മൻ പുളിക്കീൽ, കെ. സി. ഫിലിപ്പോസ് എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി.

## പരിസ്ഥിതി ദിനം ആഘോഷിച്ചു

2016 ജൂൺ 5 ഞായറാഴ്ച പാലക്കുഴ സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനിപ്പള്ളിയിലെ യുവജനപ്രസ്ഥാനം വിവിധ പരിപാടികളോടെ പരിസ്ഥിതിദിനമായി ആചരിച്ചു. ഫാ. ഡോ. അഗസ്റ്റിൻ പുല്ലുകാല പരിസ്ഥിതിദിന സന്ദേശം നൽകി. തുടർന്ന് വൃക്ഷത്തൈകൾ പള്ളി പരിസരത്ത് നടുകയും എല്ലാവർക്കും വിതരണം ചെയ്യുകയും ചെയ്തു. രാവിലെ വികാരി ഫാ. ഷിബു കുര്യന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന കുർബ്ബാനമദ്ധ്യേ പരി. കാതോലിക്കാബാവായുടെ പരിസ്ഥിതി സന്ദേശം വായിക്കുകയും പരിസ്ഥിതിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. പരിപാടികൾക്ക് വിജി കുര്യാക്കോസ്, സുബിനോ രാജൻ, മെറിൻ സ്കറിയ എന്നിവർ നേതൃത്വം നൽകി.

### ജന്മദിനം

കണ്ടനാട് (E) ഭദ്രാസനത്തിന്റെ അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ 65-ാം ജന്മദിനം 2016 ജൂൺ 28-ാം തീയതി ചൊവ്വാഴ്ചയാണ്. അന്നു രാവിലെ 8 ന് അഭി. തിരുമേനി മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രലിൽ വി. കുർബ്ബാന അർപ്പിക്കും. ഭദ്രാസനത്തിലെ വൈദീകസംഘത്തിന്റെ നേതൃത്വത്തിൽ തിരുമേനിക്കുവേണ്ടി പ്രത്യേക പ്രാർത്ഥനാശുശ്രൂഷ നിർവ്വഹിക്കും.

### ജന്മദിനാശംസകൾ

അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തയുടെ 65-ാം പിറന്നാളിൽ കണ്ടനാട് ഡയോസിസൻ ബുള്ളറ്റിൻ തിരുമേനിക്ക് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു. നന്മയോടു ചേർന്നുനിന്ന് തിന്മയ്ക്കെതിരെ നിരന്തരം പൊരുതിക്കൊണ്ട് മാതൃകാപരമായ അജപാലനശുശ്രൂഷ നിർവ്വഹിക്കുവാനും പക്വവും പണ്ഡിതോചിതവുമായ ലേഖനങ്ങൾ വഴി ബുള്ളറ്റിനിന്റെ താളുകളെ ധന്യമാക്കുവാനും ജഗദീശ്വരൻ തിരുമേനിയെ തുടർന്നും സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ചീഫ് എഡിറ്റർ

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha